the school happens to be only a furlong away from the Cheries. Force cannot be used and the parents will have to be persuaded by other means to send their children to school. In the fishing areas, the honourable member may take it from me that children will not care to attend schools, if there is a good catch in the morning. Whatever be the inducement, Sir, before education is made compulsory, we should know what are the problems we have to confront. Again, I shall cite another instance which came to my notice very recently. The other day, one particular school automatically stopped work at 4·30 P. M. All the pupils went out of the school and all the teachers and the Headmaster were sitting quiet. It appears that the parents had told their children that unless they brought some cowdung, they won't be given their evening food when they returned home. So, automatically the school which dispersed at 4-30 met again at 5 to function. Any amount of persuasion will not make the boys sit in their classes during that hour. Therefore everything depends on the intention of parents. Many a parent may not be particularly anxious to get their children educated if their children could get on with some other work. Suppose a child brings home 2 to 3 annas as a result of some work. Parents may not bother about such children being sent to school. On the other hand a parent will even say that he does not mean to send his children to school. Hundreds of such problems will arise in rural areas. Again as I said, we have selected Agasteeswaram for the introduction of compulsory primary education because it is considered to be a backward taluk in the matter of literacy with Tamil as the prevailing mother tongue. One ought to know the problems in such a place. Again one has to remember that a rural area is essentially an agricultural area where most pupils could get on with what they have got, as most of their parents are landholders. I have found the parents in these areas very reluctant to send their children to school. We have to get over that problem. There is no use of coercion. We have to get the men round by persuasion. Their entire and unstinted co-operation is what we require. That matter again requires further study. Different conditions exist in different parts of the State. Before launching the scheme we must study the conditions obtaining in different places and ease the possible difficulties. We will be landing in danger if we do not provide against such situations. So all the points urged by the honourable member require consideration on the basis of what I have explained to the House. We are only going to make an experiment in certain typical rural and urban areas. The various problems arising in different areas have to be studied in all their aspects slowly and steadily so that workable solutions may be arrived at. Then after watching the success of the scheme in Agasteeswaram it can be extended to other parts of the State.

MR. P. S NATARAJA PILLAI: It is a well recognised fact that the system of education prevalent in Travancore as for that matter, in India is too literary and it does not enable students who come out of

LIBRARY ARCHIVES Kerala Legislative Assembly

the educational institutions to be efficient and earning members of society. Undue emphasis has been given to the literary aspect of education for a long time past.

PRESIDENT: Order, order. I am very sorry that there has been a certain amount of miscalculation in the figures of the poll reported this morning. I had that verified and I should report to the honourable members that the final and absolute figures are as follows. Ayes 18, Noes—39 and Neutrals 6. The total number of members who voted 63.

MR. P. S. NATARAJA PILLAI: I was saying that the educational system now in existence places more emphasis on the literary side than on making the students more efficient citizens and wealth-earning units of society. That fact has for a long time been recognised and there is a consensus of opinion that a change must be made in the educational system to make the future generation more efficient and useful members of society. This aspect of the question came to the notice of the Government also and a committee was appointed to go into that. Twelve years have gone by since a Committee was appointed and they reported advocating the need for reorganising our educational system. A new committee was appointed and they have submitted their report. They have given primary education more importance and have advocated compulsion for it; and they have recommended a bifurcation after the middle school and high school courses into technical and academic schools. That, I think is a very wise change from the present system. The change advocated will be of great use to the future generation. For any national reconstruction of a society the infusion of a proper education is the most paying investment. No national reconstruction can be conceived of apart from educational reorganisation. I am rather sorry to differ from my friend Mr. T. K. Narayana Pillai when he says that the educational reforms should wait till we have planned our economic life into a better order of things.

MR. T. K. NARAYANA PILLAI: I never suggested that. What I said was that they must go hand in hand.

MR. P. S. NATARAJA PILLAI: As a matter of fact, to make the citizens earning units of society, we must have an educational system which trains students to do useful work. That is the way in which I view the thing. Primary education should be concentrated upon as a fundamental necessity and the education must be more practical so that students who come out of the educational institutions may become earning members of the society. That being so, I think the principle advocated by the Committee that primary education should be made compulsory immediately and craft-centered must be acceptable to the house and the country as a whole.

PRESIDENT: The honourable member knows the vote of the House on the former resolution. The present resolution is for the postponement of the consideration of this report pending certain matters which are respectively dealt with by Messrs Parameswaran Namboodiri and T. K. Narayana Pillai.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: Yes sir. On these grounds I oppose that motion. I accept the recommendation of the Committee. Since the recommendations of the Committee are acceptable, I oppose the motion before the House.

As a matter of fact, it is conceded in western countries that it is the responsibility of the State to give schooling to a boy or girl up to the age of 18. That is the position accepted by the rich western countries like England and other western nations. But for a poor country like Travancore where people are immersed in chronic poverty, it may not be possible to accept the same ideal and work for it. Yet as a first step in the right direction it will not be wrong to enforce compulsion for primary education and to take primary education as a State responsibility. My friend has objected to the consideration of the report because primary education has not been provided for a period of eight years as generally accepted by educational experts. That was one of the grounds taken up by my friend for rejecting or rather referring back the report. On that matter, I may submit that five years' course is a compromise. I do not agree that five years of compulsory education will be sufficent. On the other hand, as far as I am able to understand, the consensus of expert educational opinion seems to be that the course should be eight years and the syllabus must be an integral whole for this period. But that has been differentiated into five and three years in our report. The Government and the syllabus Committee which is to go into this question will take into consideration that aspect of the matter so as to frame the syllabus to make the whole eight-year course a single unit by which the boy or girl may become an efficient and earning unit of society.

As to the question of future financial liability, I would like to observe that, if you agree to the proposition that primary compulsory education is a responsibility of the State, the Government will have to do it at any cost. It is not a question of availability of funds now, nor is it a question of the possible revenue the State may get in future. This is fundamentally a first charge on the revenues of the State. If a State wants to plan for the national regeneration of the country to make its citizens really wealthy and healthy citizens, it is to provide a course of education by which it can make its citizens efficient and capable of earning their livelihood.

PRESIDENT: I think the discussion on this matter may be curtailed. Government naturally will have to take into account the importance and the unavoidability of making primary education compulsory from area to area until the whole State is brought into the scheme. After all, the financial resources of the Government, required for the development of education from time to time, cannot be said to be equal side by side with other nation-building developments to make the expenditure on education a first charge. The question will then arise as to the necessity of levying an educational cess for that purpose.

LIBRARY ARCHIVES Kerala Legislative Assembly

The State and the people of the State must make up their minds whether in this matter of paramount importance they would, if the financial resources of the State be otherwise than equal to take up the scheme in full, be prepared to undergo that further charge. The matter has to be solved one way or the other. We are confident that we can get along a long way with the resources of the State. But the resources may not be sufficient consistent with other commitments, and then, the question of educational cess will arise.

MR. P. S. NATARAJA PILLAI: The Committee now envisages that a provision of Rs. 70 lakhs will be necessary to enforce compulsory education throughout the State. By the vote on the previous resoultion this House accepted the position that it should be enforced throughout the State in ten years.

MR. PULIYOOR T. P. VELAYUDHAN PILLAI: Is it Rs. 70 lakhs or Rs. 119 lakhs?

MR. P. S. NATARAJA PILLAI: As far as I was able to gather, I find that it is Rs. 70 lakhs and odd. Perhaps I may be wrong. I am subject to correction.

MR. PULIYOOR T. P. VELAYUDHAN PILLAI: Is not another Rs. 48 lakhs more required for noon-day meals and clothing?

MR. P. S. NATARAJA PILLAI: That is true. That has to be provided. By accepting the previous resolution that primary compulsory education should be enforced in ten years' time, I think the House has accepted the proposition that it is a first charge on our revenue to provide for compulsory primary education to every citizen of the State; and if it comes to such a stage when Government are not able to set apart that amount without materially affecting the benefits of a good Government in the country, I think the people should not fight shy of being taxed more. After all, in my view, education and education alone will make the State progressive or the people progress and make them more efficient units in the comity of nations. Unless you train your boys and girls and make them fit to earn their own living by their own efforts and provide for them avenues of life wherein they could be absorbed by their training and knowledge, you are not going to increase the earning capacity of the ordinary citizen. Education alone will enable that. It is not electrification as such or industrial enterprises by pioneers in industries that is going to increase the average earning capacity of the ordinary citizen. The average earning capacity could be increased only by enforcing compulsory education and making people more efficient workmen capable of earning their own livelihood. Therefore, I am of the view that if the resources of the Government are not sufficient to meet the expenses on compulsory primary education, people should allow themselves to be taxed and they should offer sufficient money to enforce primary education on all. Though the Committee has now envisaged in the report, as a compromise, a period of five years for the primary education, I may say that the period should be extended or some other scheme should be thought

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai.]

of, so that the compulsory primary education may be for a period of eight years in Travancore. In view of the fundamental change of outlook which the recommendations of the Committee bring in the education system of the country as it is at present, I am of the view, that the recommendation of the Committee may be accepted with certain slight modifications which we may have to place before the House.

MR. CHAZHIKKATTU JOSEPH: സർ, നമ്മുടെ രാജ്യം ഇൻഡ്യയിലുള്ള മറ്റു നാട്ടുരാജ്യങ്ങളെ അപേക്ഷിച്ച് എല്ലായ്പോഴും വിദ്യാഭ്യാസവിഷയത്തിൽ മുന്നണിയിൽ നിന്നിരുന്നു. ഇപ്പോഴും മുന്നണിയിൽതന്നെയാണ നിൽക്കുന്നത്. ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുവേണ്ടി സൌജന്യമായ പ്രാഥമികവിദ്യാഭ്യാസം ഗവണ്മെൻറ് നടപ്പിലാക്കി. അതിന്റെ ഫലമായി തിരുവിതാംകൂറിലെ വിദ്യാഭ്യാസം വളരെ ഉയർന്ന നിലയിൽ ഇപ്പോൾ വന്നിട്ടുണ്ട്. അതിനെ തുടർന്ന് ഇന്നത്തെ കമ്മിറ്റിയുടെ റിപ്പോർട്ട് ഇവിടത്തെ വിദ്യാഭ്യാസനിലയെ ഒരു പടി കൂടി മുമ്പോട്ട് കൊണ്ടുപോയിട്ടുണ്ട്. നാല് ക്ലാസുവരെ സൌജന്യ വിദ്യാഭ്യാസം അനുവദിച്ചിരുന്നതുകൊണ്ട് ഈ നാട്ടിലെ ഒരു വലിയ ജനവിഭാഗത്തിനു വിദ്യാഭ്യാസം സിദ്ധിക്കാൻ സാധിച്ചു. അടുത്തപടി നിർബന്ധിതവിദ്യാഭ്യാസം നടപ്പാക്കുക എന്നതാണ്. ഇക്കാര്യത്തിൽ കമ്മിറ്റിയുടെ റിപ്പോർട്ട് അപൂർണ്ണമാകുന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. വിദ്യാഭ്യാസകാര്യത്തിൽ പ്രാമാണ്യം സമ്പാദിച്ചിട്ടുള്ള ർ ം -ൽ പരം ആളുകൾകൂടി വളരെ ഗാഢമായ ആലോചിച്ചതിന്റെ ഫലമായിട്ടാണ് ഈ റിപ്പോർട്ട് ഗവണ്മെൻറിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. അതിനെപ്പറ്റി പൊതുജനങ്ങളുടെ അഭിപ്രായം അറിയുന്നതിനുവേണ്ടി ആ റിപ്പോർട്ട് ഇപ്പോൾ ഗവണ്മെൻറ് ഈ സഭമുമ്പാകെ അവതരിപ്പിച്ചിരിക്കുകയുമാണ്. കഴിഞ്ഞ ൨ ം കൊല്ലമായി നടത്തിക്കൊണ്ടിരുന്ന വിദ്യാഭ്യാസം ഉപജീവനത്തിനു വഴിയുണ്ടാക്കിക്കൊടുക്കുന്ന വിദ്യാഭ്യാസമല്ലെന്നും കേവലം സാഹിത്യപരമായ ഏതെങ്കിലും പരീക്ഷ ജയിച്ചാൽ വല്ല ക്ലാർക്കുദ്യോഗമോ, ഒരു പ്യൂൺ ഉദ്യോഗമോ മറ്റൊരു സമ്പാദിക്കാൻ മാത്രം പര്യാപ്തമായ വിദ്യാഭ്യാസമാണ് ഇതുവരെ ലഭിച്ചുവന്നിരുന്നതെന്നുമുള്ള ഒരാക്ഷേപം ഇന്നത്തെ വിദ്യാഭ്യാസനിലയെപ്പറ്റി പരക്കെ പറയുന്നുണ്ട്. ഇതിനെപ്പറ്റി ൫ ം-ൻ ം കൊല്ലമായി ജനങ്ങൾ മുറവിളി കൂട്ടിക്കൊണ്ടുമിരിക്കുന്നു. അതുകൊണ്ടു ജനങ്ങൾക്കാകമാനം തൊഴിൽപരമായ വിദ്യാഭ്യാസം ലഭിക്കത്തക്കവണ്ണം ഒരു സ്കീം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കി ജനങ്ങളെ എല്ലാപേരേയും അതിലേക്കു ആകർഷിച്ചു് ആ പ ദ്ധതി എല്ലാവക്കും ഒരുപോലെ ഉപയോഗപ്രദമാകത്തക്ക നിലയിൽ നട പ്പിൽ വരുത്തേണ്ടതു് ഇന്നത്തെ നിലക്കു് അത്യാവശ്യം തന്നെയാണു്. വിശേഷിച്ചും ഗവണ്മെൻറിന്റെ സവിശേഷമായ ശ്രദ്ധക്കു് വിഷയീഭവി ച്ചിരിക്കുന്ന യുദ്ധാനന്തരപുനരുദ്ധാരണസംവിധാനപദ്ധതി അനുസരിച്ചും വിദ്യാഭ്യാസത്തിൽ ഒരു സമൂലപരിവർത്തനം വരുത്തേണ്ടതും അത്യന്താ പേക്ഷിതമായ ഒരു കാര്യമാണു്. ഇപ്പോൾ ആലോചനാവിഷയമായിരി ക്കുന്ന ഈ റിപ്പോർട്ടിന്റെ നാരായവേരുതന്നെ തൊഴിൽപരമായ വിദ്യാഭ്യാസം ജനങ്ങൾക്കു കൊടുക്കണമെന്നുള്ള തത്വത്തിലാണു് സ്ഥിതി ചെയ്യുന്നതു്. ആ തത്വം ശരിയാണു്. അതിലേക്കു നാം ഉദ്യുക്തരായി പ്ര വർത്തിക്കേണ്ടതുമാണു്. സാഹിത്യത്തിനുവേണ്ടി മാത്രം ഉതകുന്ന വിദ്യാ ഭ്യാസം വിട്ടിട്ടു തൊഴിൽപരമായ വിദ്യാഭ്യാസത്തിനു അനുയോജ്യമായ വിദ്യാഭ്യാസരീതി നിർദ്ദേശിക്കുന്ന ഈ കമ്മിറ്റിയുടെ റിപ്പോർട്ടു് ഉടനെ സ്വീകരിച്ചു നടപ്പിൽ വരുത്തേണ്ടതാണു്. എന്നാൽ ചില അഭിപ്രായ വ്യത്യാസം ഈ കമ്മിറ്റിയുടെ റിപ്പോർട്ടിനെ സംബന്ധിച്ചു് എനിക്കുണ്ടു്. "Educationists are agreed that in order to reduce illiteracy and to reduce lapses into illiteracy" പ്രാഥമികവിദ്യാഭ്യാസം അഞ്ചു കൊല്ലമാക്കണമെ ന്നു പറയുന്നു. അതിനോടു ഞാൻ യോജിക്കുന്നില്ല. അതായതു മൂന്നുകൊ ല്ലത്തെ വിദ്യാഭ്യാസം കൊടുത്തിട്ടു കുട്ടികളെ വിട്ടാൽ ൪൦–൫൦ ശതമാനം പേർ അതിനെ പുലർത്തിക്കൊണ്ടുപോകും. കുറെ പേക്കു് അതു തുടരാൻ സാധിക്കാതെ വിദ്യാഭ്യാസം നഷ്ടപ്പെടേണ്ടതായിവരുന്നു വരും. നാലു ക്ലാസുവരെ വിദ്യാഭ്യാസം വച്ചിരുന്നിട്ടു ൬൦ ശതമാനം പേർ മാത്രമേ അതു പുലർത്തിക്കൊണ്ടുപോയുള്ളു. ആ സ്ഥിതിക്കു് അഞ്ചു ക്ലാസു് എന്നതും വയ്ക്കുന്നതു് ഒരു പുതുമയുണ്ടാക്കുവാൻ മാത്രമ ല്ലയോ എന്നു ഞാൻ സംശയിക്കുന്നു.

PRESIDENT: Honourable member will perhaps remember that *five* was a compromise between *eight* and the present system. *Eight* is what is generally accepted elsewhere, where conditions are not wholly analogous to Travancore which is a fairly literate region, and this I take it is the reason why *five* was fixed. Is it not Mr. Pro Vice-Chancellor?

MR. H. C. PAPWORTH: Four is considered hopeless; five is the minimum usually accepted by the educationist.

LIBRARY ARCHIVES Kerala Legislative Assembly

MR. CHAZHIKKATTU JOSEPH: അഞ്ചു ക്ലാസ് എന്ന രൂപം ഇപ്പോൾ കൊണ്ടുവന്നതുകൊണ്ടു നിലവിലിരിക്കുന്ന സംഗതികൾക്കു വളരെ കഴപ്പങ്ങൾ വരും. ഇപ്പോഴുള്ള പ്രൈമറിസ്കൂളുകളിൽ നാലു ക്ലാസുവരെയുണ്ട്. അഞ്ചു ക്ലാസു വേണമെന്നുള്ള നിയമം നടപ്പിൽ വരുത്തിയാൽ ഇപ്പോഴുള്ള സ്കൂളുകളോട് ഓരോക്ലാസുകൂടി എച്ചുകെട്ടേണ്ടിവരും. അതുകൊണ്ടു തൽക്കാലം നാലു ക്ലാസുവരെ നിർബന്ധിതവിദ്യാഭ്യാസം മതിയെന്നുവെച്ചാൽ ഈ കഴപ്പങ്ങൾ തീർക്കാം. മാത്രമല്ല മദ്ധിൽസ്കൂളുകളിൽനിന്നും ഒരു ക്ലാസ് പ്രൈമറിസ്കൂളിലേക്കു മറിച്ചു ചേർക്കേണ്ടതായും വരുന്നു.

MR. K. K. CHELLAPPAN PILLAI : കെട്ടിടങ്ങളെ ഉദ്ദേശിച്ചാണോ മെമ്പർ നാലു ക്ലാസ് മതിയെന്നു പറഞ്ഞത്?

MR. CHAZHIKKATTU JOSEPH : കുട്ടികളുടെ വിദ്യാഭ്യാസത്തിനാണ് കെട്ടിടം. അപ്പോൾ കെട്ടിടങ്ങളുടെ സൗകര്യം കൂടി ഇതിൽ നോക്കേണ്ടതായുണ്ട്.

MR. E. K. MADHAVAN : കുട്ടികൾ ധാരാളമുള്ള ഒരു ക്ലാസിന് ഒരു ഡിവിഷൻകൂടി ഏർപ്പെടുത്തുന്നപക്ഷം ആ കെട്ടിടം എച്ചുകെട്ടേണ്ടിവരുമോ?

MR. CHAZHIKKATTU JOSEPH:കുട്ടികൾ കൂടിയാലും ആസ്കൂളിൽ ഹെഡ് മാസ്റ്റർ ഒന്നുമതി. ഇപ്പോൾ നാലുക്ലാസുള്ള സ്കൂളിൽ അഞ്ചു ക്ലാസുകൾ ഏർപ്പെടുത്തുന്നതുകൊണ്ടു കൂടുതലായി എന്താണു സാധിക്കാൻ പോകുന്നതെന്നു ഞാൻ എത്രയാലോചിച്ചിട്ടും മനസിലാകുന്നില്ല.

PRESIDENT: I think the honourable member is slightly going beside the mark. The discussion now is as to whether we are proceeding to discuss and decide upon the recommendation of this Committee's report, or whether we are going to refer it to another committee. If the idea is to change the five into four; that is a matter of the discussion of the merits of the report. That is not the procedure at the moment. Mr. Nambuthiri's motion is that this report is so imperfect and cannot be acted upon and so it must be referred back and that is the main point we are discussing now. I would ask the honourable member to confine himself to that aspect, whether they agree for the four or five years is a matter which arrises on the merits of the report if and when it is considered.

MR. CHAZHIKKATTU JOSEPH : സർ, കമ്മിറ്റിറിപ്പോർട്ട സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. വീണ്ടും വാദപ്രതിവാദത്തിനു വേണ്ടി ഇതു വേറൊരു കമ്മിറ്റിക്കു വിട്ടുകൊടുക്കുകയോ പുതുതായി ആലോചന

LIBRARY ARCHIVES Kerala Legislative Assembly

മാറ്റിവയ്ക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. ഇതിൽ നിർദ്ദേശിക്കുന്ന സംഗതികൾ ഉടനെ നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാണ്. ഇതു പറയുമ്പോൾ റിപ്പോർട്ടിലെ മുഴുവൻ കാര്യങ്ങളോടും ഞാൻ അനുകൂലിച്ചതായി അർത്ഥമില്ല.

MR. A. K. BHASKAR : സൌജന്യമായി ഈ ക്ലാസുവരെ പഠിപ്പിക്കാമെന്നു പറയുമ്പോൾ അതു വേണ്ട എന്നാണോ മെമ്പർ പറയുന്നത്?

MR. CHAZHIKKATTU JOSEPH : പത്തു ക്ലാസുവരെ സൌജന്യമായി പഠിപ്പിക്കുമെങ്കിൽ പഠിപ്പിച്ചുകൊള്ളട്ടെ. പക്ഷേ ഇവിടെ അഞ്ചു ക്ലാസുവരെ പഠിപ്പിക്കണമെന്നു പറയുന്നതു എങ്ങിനെയാണെന്നു എന്റെ സ്നേഹിതൻ ഓർമ്മിക്കണം.

എഡ്യൂക്കേഷൻ സെസ്സ് എന്നു മാത്രം പറഞ്ഞുകൊണ്ടു എങ്ങുമെങ്ങും തൊടാതെ കമ്മിറ്റി കടന്നുപോയിരിക്കുന്നു. ഇതൊന്നും കൂടാതെ പത്തു ക്ലാസുവരെ സൌജന്യവിദ്യാഭ്യാസം നടപ്പാക്കുന്നു എങ്കിൽ എനിക്കൊരു വിരോധവുമില്ല. നാം എഡ്യൂക്കേഷൻ നികുതി കൊടുക്കുന്നു എങ്കിൽ എങ്ങിനെ കൊടുക്കണം. അതിനു ജനങ്ങൾ എന്തെല്ലാം ചെയ്യേണ്ടതായിട്ടുണ്ട്. ഈ കാര്യങ്ങളെപ്പറ്റി ഒന്നും കമ്മിറ്റി പറയുന്നില്ല. ഇതിന്റെ ചെലവിനെപ്പറ്റി മാത്രമേ കമ്മിറ്റി കാണിച്ചിട്ടുള്ളൂ. ചെലവിനെപ്പറ്റി ഒന്നും പറയുന്നില്ല. നാലു ക്ലാസുവരെ പ്രൈമറിസ്കൂളിൽ മതി എന്നുവെച്ചാൽ ഇപ്പോൾ കമ്മിറ്റി ഉദ്ദേശിക്കുന്ന ചെലവിൽ 40 ശതമാനം ചെലവു കുറയ്ക്കാവുന്നതാണ്.

MR. P. M. VARGHESE : 40 ശതമാനം ചെലവു കുറയുന്നതനുസരിച്ചു പഠിത്തവും കുറയുകയില്ലയോ?

MR. CHAZHIKKATTU JOSEPH : അതു ചോദിക്കേണ്ട ഒരു ചോദ്യമല്ല.

MR. P. M. VARGHESE : അഞ്ചുകൊല്ലത്തിനു പകരം നാലുകൊല്ലം പഠിച്ചാൽ ഒരു കൊല്ലത്തിന്റെ കുറവു വരുകയില്ലയോ എന്നാണ് ചോദ്യം.

MR. CHAZHIKKATTU JOSEPH : നാലുകൊല്ലം വരെ ഇപ്പോൾ പ്രൈമറിസ്കൂളിൽ വിദ്യാഭ്യാസം കൊടുക്കുമ്പോൾ 40 ശതമാനം വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസം തുടർന്നുകൊണ്ടുപോകാതിരിക്കുന്നു എന്നു കാണുന്നുണ്ടു. അതുകൊണ്ടു ക്ലാസു കൂട്ടി അഞ്ചു ക്ലാസു നിർബന്ധിതവിദ്യാഭ്യാസത്തിനു വേണമെന്നു ശഠിക്കുന്നതിൽ ന്യായത്തിൽ വിദ്യാഭ്യാസം തുടർന്നുകൊണ്ടുപോകാതിരിക്കുന്ന വിദ്യാർത്ഥികളുടെ ശതമാനത്തെ വർദ്ധിപ്പിക്കുകയായിരിക്കും ചെയ്യുന്നതു.

LIBRARY ARCHIVES Kerala Legislative Assembly

MR. M. K. NILAKANTAN (*Mavelikara cum Kunnattur*) : ഇപ്പോഠം വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്നതു ഏതു സമുദായക്കാരാണെന്നു പറയാൻ ദയവുണ്ടാകുമോ?

MR. CHAZHIKKATTU JOSEPH : പള്ളിക്കൂടത്തിൽ പതിവായിട്ടു പോകാത്ത സമുദായക്കാരാണ്. സർ, മീനച്ചിൽതാലൂക്കാണു വിദ്യാഭ്യാസത്തിൽ ഈ രാജ്യത്തു ഒന്നാമതായി നിൽക്കുന്നതു്. ഹൈക്കോടതിയിലെ മൂന്നു ജഡ്ജിമാർക്കുടി എഴുതി തയ്യാറാക്കുന്ന ഒരു ജഡ്ജിമെന്റുപോലും ഭിന്നജഡ്ജിമെന്റുകളായിട്ടാണു കാണുന്നതു്. നാല്പതിൽ ചിലപ്പാനം വിദ്യാധുരന്ധരന്മാർക്കുടി ഏകോപിച്ചെഴുതിയ ഒരു റിപ്പോർട്ടാണെന്നുള്ള കാരണം കൊണ്ടു ഈ റിപ്പോർട്ടിനെ സ്വീകരിക്കേണ്ടതാണു്. ഫിനാൻസിൽ ഒരു എഡ്യൂക്കേഷൻ റിപ്പോർട്ടു തയാറാക്കി. എന്നാൽ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ ഗവണ്മെൻറുകൾക്കുടി പരസ്പരം ഒന്നുചേർന്നു ഒരു സർവകലാശാല സ്ഥാപിക്കുന്ന കാര്യവും ആ റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ടു്. എന്നാൽ ആ റിപ്പോർട്ടു് ഇങ്ങനെ കിടന്നുപോയതേയുള്ളു. ഇപ്പോഠം ഒരു പരിവർത്തനഘട്ടം കുടിയാണു്. അതുകൊണ്ടു വിദ്യാഭ്യാസത്തിനും ഒരു പരിവർത്തനം ഉണ്ടാകേണ്ട ആവശ്യമുണ്ടു്. കമ്മിറ്റിയുടെ റിപ്പോർട്ടു മുഴുവനും അതേപടി സ്വീകരിക്കുവാൻ നിർവാഹമില്ലെന്നു ഞാൻ പറഞ്ഞല്ലോ. അതിന്റെ വിഭാഗങ്ങളിലേക്കു കടക്കുന്ന അവസരത്തിൽ എനിക്കു് അതിനെപ്പറ്റിയുള്ള അഭിപ്രായവ്യത്യാസങ്ങൾ വല്ലതുമുണ്ടെങ്കിൽ പറഞ്ഞുകൊള്ളാം. അല്ലാതെ ഇതു തള്ളിക്കളയുന്നതു ശരിയല്ല. ഒരു വാക്കുകുടി പറഞ്ഞുകൊള്ളട്ടെ. ഫിനാൻസിന്റെ പേരുപറഞ്ഞു പിന്നോക്കക്കുടി മതവിദ്യാഭ്യാസം പള്ളിക്കൂടങ്ങളിൽ വേണ്ടെന്നു പ്രമേയം പാസാക്കിക്കഴിഞ്ഞു. ഈ സഭ ചെയ്ത തീരുമാനം ശ്രീപത്മനാഭദാസവഞ്ചിപാല ബാലരാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു ഗ്രഹിക്കുമ്പോഠം ഖേദിക്കാതിരിക്കയില്ല. മതത്തിൽ പൂർണ്ണവിശ്വാസമുള്ള നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലേക്കു ഈ സഭയുടെ തീരുമാനം ഖേദകാരണമായിരിക്കും. ഈ റിപ്പോർട്ടു ഗവണ്മെൻറു സ്വീകരിക്കുന്ന സന്ദർഭത്തിൽ മതാഭ്യസനത്തെപ്പറ്റി ഗവണ്മെൻറു് പുനരാലോചന നടത്തേണ്ടതാണെന്നു ഞാൻ ഒന്നുകുടി അപേക്ഷിച്ചുകൊള്ളുന്നു. അതുകൊണ്ടു പുതിയ പദ്ധതി നടപ്പിൽ വരുത്തുമ്പോഠം മതാഭ്യസനത്തിനുള്ള സൗകര്യംകുടി ഈ പദ്ധതി ഉണ്ടാക്കിക്കൊടുക്കണമെന്നു ഞാൻ ഒന്നുകുടി അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN : സർ, നമ്മുടെ മുമ്പാകെ ആലോചനയിലിരിക്കുന്ന റിപ്പോർട്ടിനെപ്പറ്റിയുള്ള വാദപ്രതിവാദം മാറിവയ്ക്കണമെന്നുള്ള മി. പരമേശ്വരൻനമ്പൂതിരിയുടെ അഭിപ്രായത്തോടും, ഈ റിപ്പോർട്ട് അപൂർണ്ണമാകയാൽ പൂർണ്ണമായ ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ മറെറാരു കമ്മറിയെ ചുമതലപ്പെടുത്തണമെന്നുള്ള മി. ററി. കെ. നാരായണപിള്ളയുടെ അഭിപ്രായത്തോടും എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. വളരെ വൈദഗ്ദ്ധ്യത്തോടുകൂടി ശരിക്കു പഠിച്ചു തയ്യാറാക്കിയിട്ടുള്ളതാണു ഈ റിപ്പോർട്ട്. ഇതുപോലെയുള്ള മറെറാ ചില റിപ്പോർട്ടുകളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഈ റിപ്പോർട്ടിലെ ഉള്ളടക്കം വളരെ അഭിനന്ദനീയങ്ങളാണെന്നു തോന്നാതിരിക്കുന്നില്ല. റിപ്പോർട്ടിലെ പ്രധാന മർമ്മങ്ങൾ രണ്ടാണ്. ഒന്നാമത്തേതു്, ഇന്നുവരെ നിർബന്ധിതവിദ്യാഭ്യാസം ഇല്ലാതിരുന്ന ഈ രാജ്യത്തു നിർബന്ധിത വിദ്യാഭ്യാസം നടപ്പാക്കുക, രണ്ടാമത്തേതു് സാഹിത്യപരമായി കഴിഞ്ഞ വിദ്യാഭ്യാസത്തെ കതാഴിൽപരമായ ഒന്നാക്കി മാറ്റുക. സാഹിത്യപരമായ വിദ്യാഭ്യാസത്തിൽനിന്നും അതിന്റെ മെച്ചത്തിലും, താല്പര്യത്തിലും, വളരെ ഇടിവുതട്ടാതെ, വ്യാവസായികമായ ഒരു ചായ്വിലേക്ക് ഇന്നത്തെ വിദ്യാഭ്യാസരീതിയെ നയിക്കണമെന്നു പറയുന്ന ഒരു റിപ്പോർട്ട്, നിർബന്ധിതവിദ്യാഭ്യാസം ഈ രാജ്യത്തിനു് അപരിത്യാജ്യമാണെന്നു വാദിക്കുന്ന ഒരു റിപ്പോർട്ട്, അപൂർണ്ണമാണെന്നും അതുകൊണ്ടു് മറെറാരു കമ്മറിറിയുടെ ചർച്ചക്കു് വിധേയമാക്കണമെന്നും, അതല്ലാ, വാദപ്രതിവാദം തന്നെ മാറിവയ്ക്കണമെന്നും പറയത്തക്ക നിലയിൽ ഒരു പഴുതും ഈ റിപ്പോർട്ടിൽ കാണുന്നില്ല. മി. നമ്പൂതിരിയും, മി. നാരായണപിള്ളയും നിർബന്ധിതവിദ്യാഭ്യാസമോ, തൊഴിൽപരമായ വിദ്യാഭ്യാസമോ വേണ്ടെന്നു പറയുന്നില്ല. മാത്രമല്ല, വേണമെന്നു പറയുകയും, തൊഴിൽപരമായ വിദ്യാഭ്യാസത്തെ സ്വാഗതംചെയ്യുകയുംകൂടി ചെയ്യുന്നു. അപരിത്യാജ്യവും അടിയന്തിരമായി നടപ്പിൽ വരുത്തേണ്ടതുമായ ചില നിർദ്ദേശങ്ങളോടുകൂടി ഈ റിപ്പോർട്ട് സ്വീകരിക്കണമെന്നാണ് ഇവരും ചുരുക്കത്തിൽ അഭിപ്രായപ്പെടുന്നതു്. ഇതും നിരൂപണങ്ങളും പറയുവാനുള്ള പശ്ചാത്തലത്തെ മുൻനിർത്തി എന്റെ മാന്യസ്നേഹിതന്മാരുടെ വാദമുഖങ്ങളെ സംബന്ധിച്ച ചില കാര്യങ്ങൾ പറയുവാൻ ഞാനും ആഗ്രഹിക്കുന്നു.

ഏറ്റവും മുഖ്യമായി ഇവിടെ കൊണ്ടുവന്ന വാദം വിദ്യാർത്ഥിക്കു് ഒരു കൊല്ലം കൂടി കൂട്ടി നിർബന്ധിതവിദ്യാഭ്യാസം ഏഴു കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

കൊടുക്കണമെന്നാണ്. അതായത് വിദ്യാഭ്യാസകാലം 6 മുതൽ 10 വയസ്സുവരെ എന്നതിനു പകരം 7 മുതൽ 11 വയസ്സുവരെ ആക്കി വർദ്ധിപ്പിക്കണമെന്നാകട്ടെ. അതു നല്ലതാണെന്നു ഞാൻ സമ്മതിക്കുന്നു. ഇന്നു എല്ലാ വിദ്യാർത്ഥികളുടേയും വിദ്യാഭ്യാസകാലാവധി ധാരാളം വർദ്ധിപ്പിക്കണമെന്ന അഭിപ്രായത്തിലേക്കാണ് ലോകം പോകുന്നതെന്നുള്ളതു് ഈ വട്ടത്തിൽ ഓർമ്മിക്കേണ്ടതാണ്. സാർജന്റു കമ്മറിയുടെ റിപ്പോർട്ടു് 6നു കൊല്ലമാണ് വിദ്യാഭ്യാസകാലാവധി ശുപാർശ ചെയ്തിട്ടുള്ളതു്. ബാംബേ പ്ലാൻ 7 മുതൽ 14 കൊല്ലം ശുപാർശ ചെയ്തിരിക്കുന്നു. മഹാത്മാ ഗാന്ധിയുടെ ബേസിക്ക് എഡ്യൂക്കേഷൻ സ്കീം എന്നു പറയുന്ന വാർദ്ധാ സ്കീമിൽ 7നു കൊല്ലമാണ് അംഗീകരിച്ചിട്ടുള്ളതു്. ഈ വക കാര്യങ്ങളെ പരിഗണിച്ചുകൊണ്ടു് നിർബന്ധിതവിദ്യാഭ്യാസത്തിന്റെ മൂലതത്വങ്ങളെ വളരെ പ്രയോജനപ്പെടുത്തുന്ന ഈ കാലാവധി വേണ്ടെന്നു പറയുവാൻ ഞാൻ തുനിയുന്നില്ല. മി. നാരായണപിള്ള ചൂണ്ടിക്കാണിച്ച കാര്യം ഏറ്റവും പ്രധാനമായ ഒരു കാര്യം തന്നെയാണ്. സാമ്പത്തികവശത്തെ വളരെ കാര്യമായി ചൂണ്ടിക്കാണിക്കുന്നതു ബഹുമാനപ്പെട്ട മെമ്പറന്മാർ ഇതിലേക്ക് എത്രമാത്രം ചെലവു വരുമെന്നുകൂടി കണക്കാക്കേണ്ടതാണ്. ഈ പ്രശ്നത്തെ നല്ലപോലെ ആലോചിച്ചുകൊണ്ടാണ് മദ്രാസ് സർവകലാശാലയിലെ അധികൃതന്മാർ, മൂന്നു കൊല്ലമെന്നുള്ളതിനെ അഞ്ചു, അഞ്ചുകൊല്ലമെന്നുള്ളതിനെ പത്തും, എന്നു മാറ്റപ്പെടുത്തുവാൻ ഇടയായതു്. നിർബന്ധവിദ്യാഭ്യാസത്തിനു വേണ്ട കൂടുതൽ കാലാവധി എന്ന അഭിപ്രായം ഇവിടെ ആക്കുമില്ല. 7 മുതൽ 11 കൊല്ലം വേണമെന്നു പറയുമ്പോൾ സാമ്പത്തികമായ ഒരു വലിയ ചുമതലയാണ് അതിനുവേണ്ടി വഹിക്കേണ്ടിവരുന്നതു്. അഞ്ചുകൊല്ലം കഴിയുമ്പോഴും ഒരു പക്ഷേ നമ്മുടെ സാമ്പത്തികനില കുറേക്കൂടി സുരക്ഷിതമാകുന്ന പക്ഷം, നമ്മുടെ വരുമാനം കുറേക്കൂടി വർദ്ധമാനമാകുന്ന പക്ഷം, മി. നാരായണപിള്ളയും, മി. നടരാജപിള്ളയും ആഗ്രഹിക്കുന്നതുപോലെ, സാർജന്റു കമ്മറിയും, വാർദ്ധാസ്കീമും മറ്റും അനുശാസിക്കുന്നതുപോലെ വിദ്യാഭ്യാസകാലാവധി പതിമൂന്നോ പതിനാലോ കൊല്ലമായി വർദ്ധിപ്പിക്കാൻ നമുക്കു വിഷമമില്ല. ഇന്നത്തെ പരിതഃസ്ഥിതിക്കു്, ഈ നിർദ്ദേശം അതേപടി സ്വീകരിക്കാൻ പാടില്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

ഇനി ശേഷിക്കുന്നതു്, നമ്മുടെ മുമ്പാകെ ഒരു വ്യക്തമായ പ്ലാൻ ഇല്ലെന്നാണ്. അതു ശരിയാണ്. റിപ്പോർട്ടു് ആകെ വായിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൊല്ലംകൊണ്ടു് ഈ പദ്ധതി നടപ്പാക്കാമെന്നു ഒരു പ്ലാൻ കാണുന്നില്ലെന്നുള്ളതു റിപ്പോർട്ടിന്റെ ഒരു ന്യൂനത തന്നെയാണു്. എന്നാൽ പത്തുകൊല്ലം കൊണ്ടു് ഇതു നടപ്പിലാക്കാമെന്നു ദിവാൻ പ്രസിഡൻറ് അവർകൾ പ്രസ്താവിച്ചിരിക്കുന്ന സ്ഥിതിക്കു പീഠിക വച്ചിട്ടില്ലെന്നുള്ള ആ ന്യൂനത പൊന്തിവരുന്നില്ല. എന്റെ അറിവു ശരിയാണെങ്കിൽ ൬ ൦ കൊല്ലം കൊണ്ടു നിർബന്ധിതവിദ്യാഭ്യാസം നടപ്പാക്കണമെന്നാണു വാർദ്ധാ പദ്ധതി നിർദ്ദേശിക്കുന്നതു്. ബാംബേ പ്ലാൻകാർ ൧൫ കൊല്ലമാണു ഇതിലേക്കു കണക്കാക്കിയിരിക്കുന്നതു്. നാഷനൽ പ്ലാനിംഗു കമ്മിറ്റിക്കാർ ൧൫ കൊല്ലം നിർദ്ദേശിക്കുന്നു. സാർജന്റു കമ്മിറ്റി റിപ്പോർട്ടിൽ ൧൫ കൊല്ലത്തിനുമേൽ ൪൦ കൊല്ലത്തിനകം കൊണ്ടു നിർബന്ധിതവിദ്യാഭ്യാസം നടപ്പിൽ വരുത്താൻ കഴിയുമെന്നു പറയുന്നു. നമ്മുടെ മുമ്പിലിരിക്കുന്ന റിപ്പോർട്ടിൽ ഖണ്ഡിതമായ ഒരു കാലാവധി പറഞ്ഞിട്ടില്ലാത്തതു ഒരു ന്യൂനതയാണു്.

MR. PULIYOOR T. P. VELAYUDHAN PILLAI: മൂന്നുകൊല്ലം പ്രിപ്പറേഷൻ പീരിയഡു വേണമെന്നും പത്തുകൊല്ലം അതു നടപ്പിൽ വരുത്താൻ വേണമെന്നും റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലേ?

MR. K. R. NARAYANAN: ഉണ്ടായിരിക്കാം; ഞാൻ കണ്ടില്ല. അങ്ങിനെ പറഞ്ഞിട്ടുണ്ടെങ്കിൽ ആ വിവരം അറിയിച്ചതിനു ഞാൻ മെമ്പറിനോടു നന്ദി പറഞ്ഞുകൊള്ളുന്നു. അതു എങ്ങിനെ ആയാലും ദിവാൻ പ്രസിഡൻറ് അവർകൾ, പത്തുകൊല്ലംകൊണ്ടു് ഈ പദ്ധതി നടപ്പിൽ വരുത്താമെന്ന ഉറപ്പു നൽകിയിരിക്കുന്നതു വളരെ ആശ്വാസപ്രദമാണു്. ഇതു ബട്ട്ളർ കമ്മിറ്റി റിപ്പോർട്ടിനേയും വാർദ്ധാ പദ്ധതിയേയും ബോംബെ നാഷനൽ പ്ലാനിംഗു് കമ്മിറ്റി റിപ്പോർട്ടിനേയും കവച്ചുവയ്ക്കുന്നു. ഈ കാരണംകൊണ്ടുതന്നെ ഈ റിപ്പോർട്ടു മാറ്റിവയ്ക്കണമെന്നു എന്റെ സ്നേഹിതർ മി. നമ്പൂതിരിയും മി. നാരായണപിള്ളയും പറയുന്നതിനോടു യോജിക്കുവാൻ നിവൃത്തിയില്ലെന്നു പറയേണ്ടിയിരിക്കുന്നു.

MR. N. D. PARAMESWARAN NAMBOODIRI: ഞാൻ അങ്ങിനെ പറഞ്ഞിട്ടില്ല.

MR. K. R. NARAYANAN: മി. നാരായണപിള്ള തീർച്ചയായും പറഞ്ഞു. അടുത്തതായി ഗ്രാമപ്രദേശങ്ങളിൽ സാക്ഷരതാ നടപ്പിൽ വരുത്തുന്നതിനെപ്പറ്റിയാണു്. ഈ വിഷയത്തെ സംബന്ധിച്ചു് എന്റെ സ്നേഹിതൻ നിർദ്ദേശിച്ച സംഗതി തികച്ചും ആദരണീയമാണു്. പട്ടണ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ങ്ങളിൽ സാക്ഷരത പുലർത്തുന്നതിനുമുമ്പു ഗ്രാമപ്രദേശങ്ങളിൽ ആണ അതു പുലർത്തേണ്ടതെന്നു മി. ടി. കെ. നാരായണപിള്ള പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു. പട്ടണങ്ങളിലെ വിദ്യാഭ്യാസത്തോടു് ഉയർത്തുന്നതിനേക്കാൾ ഗ്രാമപ്രദേശങ്ങളിലെ വിദ്യാഭ്യാസമാതാണു് ആദ്യമായി ഉയർത്തേണ്ടതെന്നു വാർഡാ റിപ്പോർട്ടു തീവ്രമായി വാദിക്കുന്നു. ആ റിപ്പോർട്ടിലെ രണ്ടുമൂന്നു അദ്ധ്യായങ്ങൾ ഇതിനുവേണ്ടി ചെലവാക്കിയിരിക്കുകയാണു്. ഗ്രാമപ്രദേശങ്ങളിലെ വിദ്യാഭ്യാസത്തിനു പ്രാധാന്യം കൊടുക്കാത്ത റിപ്പോർട്ടു ഒരു റിപ്പോർട്ടല്ല. ഇക്കാര്യത്തെപ്പറ്റി ഖണ്ഡിതമായ ഒരഭിപ്രായം ഈ റിപ്പോർട്ടിൽ രേഖപ്പെടുത്തിക്കാണുന്നില്ല. എന്നാൽ ഗവണ്മെൻറിന്റെയും ഈ സഭയുടേയും ശ്രദ്ധ ആ കാര്യത്തിലേക്കു തിരിക്കുവാൻ ഇനിയും അവസരം ഉള്ളതുകൊണ്ടു്, അതർഹിക്കുന്ന ഗൗരവത്തോടുകൂടി അവരുടെ ശ്രദ്ധ ഇക്കാര്യത്തിൽ സവിശേഷം പതിയുവാനുള്ള സകല കാരണങ്ങളും നമുക്കു പ്രയോഗിക്കുവാൻ സാധിക്കുമെന്നുള്ളതുകൊണ്ടു്, ഈ റിപ്പോർട്ടു മാറ്റിവയ്ക്കുന്നതിനായി കൊണ്ടുവന്ന ആ കാരണവും സ്വീകാര്യമല്ല.

ഇനി മി. നമ്പൂതിരിയുടെ ഒന്നാമത്തെ പ്രശ്നം എടുക്കാം. ആ സാർജന്റ് കമ്മിറ്റി റിപ്പോർട്ടും, ബാംബെ പ്ലാനും ഗ്രൂ കമ്മിറ്റി റിപ്പോർട്ടും നമ്മുടെ റിപ്പോർട്ടും വളരെ കാര്യമായി പരിഗണിച്ചിട്ടുണ്ടു്. നിർബന്ധിത വിദ്യാഭ്യാസപദ്ധതി നടപ്പിലാക്കാൻ പോകുന്നുവെന്ന സംഗതി ഞാൻ കേട്ടപ്പോൾ എനിക്കു് ആദ്യമേ ഉണ്ടായ ഭയം അതിന്റെ സാമ്പത്തികവശത്തെക്കുറിച്ചായിരുന്നു. നമ്മുടെ സാമ്പത്തികനില ഈ വിദ്യാഭ്യാസപദ്ധതി നടപ്പിൽ വരുത്തുവാൻ സാദ്ധ്യമല്ലാത്ത നിലയിലാണെന്നുള്ള ഒരു തോന്നൽ എല്ലാവർക്കും ഉള്ളതാണു്. പക്ഷേ എന്നെങ്കിലും ഈ പദ്ധതി നടപ്പിൽ വരുത്തണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ എപ്പോഴാണു് അതു നടപ്പിൽ വരുത്തേണ്ടതു്. വ്യാവസായികമായ ഒരു വിദ്യാഭ്യാസസമ്പ്രദായം നമ്മുടെ കുട്ടികൾക്കു് എന്നെങ്കിലും അത്യാവശ്യമാണെങ്കിൽ അനേകതലമുറകൾ നടപ്പിൽ വരുത്തുവാൻ മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന ഒരു വിദ്യാഭ്യാസപരിഷ്കാരം എപ്പോഴെങ്കിലും നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആ പദ്ധതി നടപ്പിൽ വരുത്തുവാൻ ഇതിനേക്കാൾ നല്ല ഒരു സുപ്രഭാതം നമുക്കു കാണാൻ സാദ്ധ്യമല്ല.

MR. N. D. PARAMESWARAN NAMBOODIRI : എത്രതന്നെ പറഞ്ഞാലും ഈ റിപ്പോർട്ടിൽപറയുന്ന പദ്ധതി നടപ്പിൽ വരുത്തേണ്ടതു സാമ്പത്ത്

LIBRARY ARCHIVES Kerala Legislative Assembly

കമായ പല കഴിവുകളുള്ള ഈ ഘട്ടത്തിൽ തന്നെയാണ്. എന്റെ വാദഗതി എന്തായിരുന്നുവെന്ന മി. നാരായണൻ കേട്ടില്ല എന്നെനിക്കു തോന്നുന്നു. റിപ്പോർട്ട് അപൂർണ്ണമാണെന്നും അതിൽ ഒരു പദ്ധതി നടപ്പിൽ വരുത്തുമ്പോൾ ആലോചിക്കേണ്ട പല കാര്യങ്ങളെപ്പറ്റിയും കമ്മിറ്റി ചർച്ച ചെയ്തിട്ടില്ലെന്നും അതുകൊണ്ട് ഇതിനെപ്പറ്റി ഉള്ള വാദം തല്ക്കാലത്തേക്കു മാറ്റിവയ്ക്കണമെന്നുമാണ് ഞാൻ പറഞ്ഞതു്.

MR. K. R. NARAYANAN : എന്റെ സ്നേഹിതൻ, അപ്പോൾ പറഞ്ഞതിൽനിന്നും ഇപ്പോൾ പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു് ഈ പദ്ധതി ഉടനെ നടപ്പിൽ വരുത്തുവാൻ നമ്മുടെ മുമ്പാകെ സാമ്പത്തികപ്രശ്നം ഒരു പ്രതിബന്ധമായി നിൽക്കുന്നു എന്നും അതുകൊണ്ട് ഈ റിപ്പോർട്ടിനെപ്പറ്റിയുള്ള വാദപ്രതിവാദം മാറ്റിവയ്ക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുവെന്നാണ്. ഒരു പക്ഷേ മി. നമ്പൂതിരി അങ്ങിനെ പറഞ്ഞില്ലെങ്കിൽ തന്നെ ഇതേ ചോദ്യം പലരും ചോദിച്ചിട്ടുള്ളതാണ്. ഞാൻ എന്നോടുതന്നെ ആ ചോദ്യം ചോദിച്ചിട്ടുണ്ട്. സാമ്പത്തികമായ പ്രശ്നത്തെ പരിഹരിക്കാൻ നാം ഈ സന്ദർഭം വിനിയോഗിച്ചില്ലെങ്കിൽ ഒരിക്കലും ഇതു പറ്റിയ ഒരു സന്ദർഭം നമുക്കു ലഭ്യമാകുകയില്ലാ എന്നാണ് എന്റെ അഭിപ്രായം.

എഡ്യൂക്കേഷൻ റീഫോംസ് കമ്മിറ്റി റിപ്പോർട്ടിന്റെ പ്രധാനമായ ശുപാർശ നിർബന്ധിതവിദ്യാഭ്യാസം നമ്മുടെ ഇടയിൽ നടപ്പിൽ വരുത്തുന്നതിനുവേണ്ടി ഒരു നികുതി ചുമത്തണമെന്നാണ്. മി. നടരാജപിള്ളയും അദ്ദേഹത്തിന്റെ പ്രസംഗം ഉപസംഹരിച്ചതു് ഈ സംഗതി പ്രസ്താവിച്ചുകൊണ്ടാണ്, ഇപ്പോൾതന്നെ ശരാശരി ഒരു കുട്ടി ഒന്നുക്കു മുതൽ ഏട്ടനവരെ ചെലവാകുന്നുണ്ട്. ഇപ്പോഴുള്ളതിൽ കൂടുതലായി വിദ്യാർത്ഥികൾക്കു ഉച്ചഭക്ഷണം, വസ്ത്രം മുതലായ സഹായങ്ങൾകൂടി ചെയ്യേണ്ടതായിവരും. അപ്പോൾ സാമ്പത്തികമായ ഒരു വലിയ പ്രശ്നം—അവധാനപൂർവ്വം ആലോചിക്കേണ്ടതായ ഒരു പ്രശ്നം, നമ്മുടെ മുമ്പിൽ നിൽക്കുന്നു. അതു കണ്ണടച്ചുകളയേണ്ട കാര്യമാണെന്നു ഞാൻ പറയുന്നില്ല. ഏതായാലും വളരെ അടിയന്തിരമായി നടത്തേണ്ട ഒരു നല്ല കാര്യം ചെയ്യുന്നതിനു, കണ്ണുകാണാതെ കിടക്കുന്ന അനേകലക്ഷം ആളുകളുടെ രക്ഷയ്ക്കുതകുന്ന ഒരു കാര്യം ചെയ്യുന്നതിനു, ഇവിടത്തെ ജനങ്ങൾക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനു ഉപകരിക്കുന്ന ഒരു പദ്ധതി നടപ്പിൽ വരുത്തുന്നതിനു എന്തുകൊണ്ടു നികുതി കൊടുത്തുകൂടാ എന്ന്

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ഞാൻ ചോദിക്കുന്നു. അജ്ഞന്മാരായ ഈ സാധുക്കളുടെ ഉദ്ധാരണത്തിനുവേണ്ടി അവർക്കു സാമ്പത്തികമായ ഒരു നല്ല് നില സമ്പാദിക്കുവാൻ വേണ്ടി കാച്ചു നികുതിക്കുടി കൊടുത്തിരുന്നാലും ശരി, വിദ്യാഭ്യാസത്തിൽ ഒരു സമൂലപരിവർത്തനം വരുത്തുവാൻ നാം എന്തിനും മടിക്കരുതു. എല്ലാ പരിഷ്കൃത രാജ്യങ്ങളിലും, യൂറോപ്യൻരാജ്യങ്ങളിലും, റഷ്യയിലും വിദ്യാഭ്യാസനികുതി ഏർപ്പെടുത്തിക്കഴിഞ്ഞു. ഫൻഫെനവംബർ ഫ്രഞ്ചു- റഷ്യയിലെ പ്രസിദ്ധമായ പ്രഖ്യാപനത്തിനു ശേഷംകൂടിയ കാൺഫ്രൻസിൽ എഡ്യൂക്കേഷനെക്കാൾ യാതൊന്നുംതന്നെ പരിഗണിക്കുവാനില്ലെന്നാണ് സ്റ്റാലിൻ പറഞ്ഞതു്. ഫ്രഞ്ചു-പ്രഷ്യൻ-ൽ ഫ്രാൻസിനെ ജർമ്മനിക്കു കീഴടക്കുവാൻ സാധിച്ചു എന്നതും വലിയ കായ്ം പ്രാഥമിക വിദ്യാഭ്യാസത്തിൽ ജർമ്മനിക്കുണ്ടായിരുന്ന പുരോഗതി ഒന്നുമാത്രമാണെന്ന് ജർമ്മൻ ചരിത്രം പറയുന്നു. തൊഴിൽപരമായ അഭിവൃദ്ധിയെ പ്രദാനം ചെയ്യുന്ന, വയറിനും, അറിവിനും ഒരുപോലെ ഉപയോഗപ്രദമായ, നമ്മുടെ ഭാവിതലമുറകളെ അന്ധകാരത്തിൽനിന്നു രക്ഷിക്കുവാൻ പര്യാപ്തമായ നമ്മുടെ രാജ്യത്തിന്റെ ഭാഗ്യൈശ്വര്യങ്ങൾക്കു വഴിചൂണ്ടിപ്പിലകയായി ഒരു നക്ഷത്രമായി നിൽക്കുന്ന, ഈ നിർബ്ബന്ധിതവിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിൽ ജനതതി ആശങ്കകൊള്ളുന്ന ഈ സന്ദർഭത്തിൽ കുറവും കുറവും ചൂണ്ടിക്കാണിച്ചു അതുമിതും പറഞ്ഞും ഇതിന്റെ ചർച്ച മാറിവയ്ക്കുവാൻ സമ്മതിക്കാതെ ഇതിൽനിന്നും നമുക്കു നേടാൻ കഴിയുന്ന ഉത്തമമായ ഫലം സമ്പാദിക്കുവാൻ ശ്രമിക്കണമെന്നു ഞാൻ ഈ സഭയോടു അഭ്യർത്ഥിച്ചുകൊള്ളുന്നു. ഈ അപേക്ഷയോടുകൂടി മി. നമ്പൂതിരിയുടേയും മി. നാരായണപിള്ളയുടേയും പ്രസംഗത്തിൽകണ്ട മൊത്തത്തിലുള്ള സ്വരത്തെ എതിർക്കുകയും എന്നാൽ അവർ ഇവിടെ വാരികിയ നിർദ്ദേശങ്ങളിൽ പലതിനോടും യോജിക്കുകയും ചെയ്യുന്നു.

MR. KAINIKKARA M. PADMANABHA PILLAI (*Special officer for Educational Reforms*): Sir, this motion has been moved mainly on two grounds, namely, that the report is incomplete and indefinite. As for incompleteness, if the mover means incompleteness in details, the committee will be prepared to accept it. But if he means incompleteness in the frame-work the committee cannot accept that. As for definiteness the committee still holds that the report is not only definite but clear, lucid and beyond doubt. As for the completeness of the report the committee never contemplated it to be so, and I have not as yet been able to read any report of any committee that has ever tried

LIBRARY ARCHIVES Kerala Legislative Assembly

be complete in all details. The most outstanding report at the present day is the Sargent's Report. The Sargent Report never tries to be complete. The latest report is the Madras University report which is also not a complete report. In fact, the Madras University Report in its introductory portion, has almost repeated what our Chairman said on the floor of this House the other day, namely, that they have confined themselves to the main issues and general principles and have left matters of detail to be decided upon by expert bodies to be appointed from time to time. Our committee was a representative one consisting of the representatives of all important interests educational, industrial, commercial and it was not competent to sit in judgment upon matters of detail such as the syllabus. Therefore, if Mr. Namboodiri means incompleteness in detail, I admit that we intended the report to be incomplete in details and we think it is a merit of the report and not a defect.

DEPUTY PRESIDENT : Motion No 12 standing in the name of Mr. P. M. Varghese seems to have a bearing on the motion now under discussion. If he wants he can speak on it.

MR. P. M. VARGHESE : Sir, I move "This Assembly recommends to Government that the pay of primary school teachers, both Government and aided, should be paid in full directly by the Government instead of the 75 per cent. as recommended by the Committee."

സർ, ഈ സഭയുടെ മുമ്പാകെ ഇപ്പോൾ ആലോചനയിലിരിക്കുന്ന പ്രമേയവും ഞാൻ ഇപ്പോൾ വായിച്ച പ്രമേയവും തമ്മിൽ വളരെ ബന്ധമുണ്ട്. പ്രൈവറ്റുസ്കൂളുകളും മുഴുവൻ ഗവണ്മെൻറിൻെറ അധീനതയിൽ എടുക്കണമെന്നുള്ള വാദം ബഹുമാനപ്പെട്ട മെമ്പറന്മാരിൽ പലരും ഉന്നയിക്കയുണ്ടായതു പ്രധാനമായ ഒരു അടിസ്ഥാനത്തിന്മേലാണ്. പ്രൈവറ്റ്സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു ന്യായമായ ശമ്പളം ലഭിക്കുന്നില്ല എന്നുള്ളതാണ് ഇതിനു കാരണം. അതിൽ പരമാർത്ഥമില്ലാതില്ല. ശമ്പളം കിട്ടാത്തതുകൊണ്ടു വിഷമതകൾ അനുഭവിക്കുന്ന അദ്ധ്യാപകന്മാർതന്നെയാണ് ഭൂരിപക്ഷവും എന്നാണ് എൻെറ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

MR. M. L. JANARDANA PILLAI: Sir, I rise to a point of order. We are at motion No. 69 and this is entirely a different motion.

DEPUTY PRESIDENT: It has got a bearing on that motion. That is why he has been allowed to speak on it.

MR. P. M. VARGHESE: സർ, ഗവണ്മെൻറിൽനിന്നും ശമ്പളം മുഴുവനും കൊടുക്കുകയാണെങ്കിൽ ഈ ആക്ഷേപം ഇല്ലാതാകുമെന്നുള്ള ഒരു അഭിപ്രായത്തിന്മേലാണ് ഈ പ്രമേയം ഞാൻ ഇവിടെ ഹാജരാക്കുവാൻ ഇടയായതു്. ശമ്പളം മുഴുവൻ ഗവണ്മെൻറിൽനിന്നും നൽകുകയാണെങ്കിൽ പ്രൈവറ്റുസ്കൂളുകൾ എല്ലാം ഗവണ്മെൻറിനുതന്നെ ഏറ്റെടുത്തു നടത്തിക്കൂടെ എന്നു ചിലർക്കു് അഭിപ്രായമുള്ളതായി കാണുന്നു. എന്നാൽ ഞാൻ ആ അഭിപ്രായക്കാരനല്ല. ശമ്പളം ഗവണ്മെൻറിൽനിന്നു കൊടുക്കുന്നു എന്നുവച്ചു് ഒരു പള്ളിക്കൂടത്തിൻറെ നടത്തിപ്പു മുഴുവനും ഈ ശമ്പളത്തെമാത്രം ആശ്രയിച്ചിരിക്കുന്നില്ല. ആദ്യമായി പള്ളിക്കൂടങ്ങൾക്കു കെട്ടിടങ്ങൾ ഉണ്ടാകണം. ആ കെട്ടിടങ്ങൾ കാലാകാലങ്ങളിൽ കേടുപാടുകൾ തീർത്തു സൂക്ഷിക്കണം. പള്ളിക്കൂടത്തിനു ആവശ്യമുള്ള ഉപകരണങ്ങൾ ഉണ്ടാക്കണം. ഇവയ്ക്കെല്ലാം ഗണ്യമായ ഒരു സംഖ്യ ചെലവാക്കേണ്ടിവരും. പ്രൈവറ്റ്സ്കൂളുകളെല്ലാം ഗവണ്മെൻറു് ഏറ്റെടുക്കുന്നപക്ഷം ഇങ്ങനെയുള്ള എസ്റ്റാബ്ലിഷ്മെൻറിൻറെ ചെലവുകൾ മുഴുവനും ഗവണ്മെൻറുതന്നെ വഹിക്കേണ്ടതായിവരും. പ്രൈവറ്റ്സ്കൂളുകളിൽ അദ്ധ്യാപകന്മാർക്കു ശമ്പളം ശരിയായി കൊടുക്കുന്നില്ലെങ്കിലും അവർ ശരിയായി പഠിപ്പിക്കുന്നുണ്ടോ, അവർക്കു വേണ്ട നിയന്ത്രണം ഉണ്ടോ, അവർ സമയത്തു പള്ളിക്കൂടങ്ങളിൽ ഹാജരാകുന്നുണ്ടോ, കുട്ടികൾ പഠിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തുന്നുണ്ടോ എന്നും, മറും മാനേജരന്മാർ ശരിയായ മേൽനോട്ടം നടത്തുന്നുണ്ടെന്നുള്ള സംഗതി ആര്ക്കും നിഷേധിക്കുവാൻ സാദ്ധ്യമല്ല. ഗവണ്മെൻറുപള്ളിക്കൂടങ്ങളിൽ വല്ലപ്പോഴും അസിസ്റ്റൻറ് ഇൻസ്പെക്ടരോ ഡിവിഷൻ ഇൻസ്പെക്ടരോ വരുമ്പോഴല്ലാതെ ഇത്തരത്തിലുള്ള സൂപ്പർവിഷൻ ലഭിക്കുന്നില്ല. ഈ റിപ്പോർട്ടിൽ അദ്ധ്യാപകന്മാരുടെ ൫ ശതമാനം ശമ്പളം ഗവണ്മെൻറിൽനിന്നും കൊടുക്കണമെന്നു ശുപാർശ ചെയ്തിട്ടുണ്ടു്. ആ ൫ ശതമാനം ഗവണ്മെൻറിൽനിന്നും കൊടുക്കുകയാണെങ്കിൽ എന്തുകൊണ്ടു് ൨൫ ശതമാനംകൂടി കൊടുത്തുകൂടാ എന്നു ഞാൻ ചോദിക്കുന്നു. ഞാൻ ഈ നിർദ്ദേശം കൊണ്ടുവരുന്നതിൽ വേറൊരു ന്യായംകൂടിയുണ്ടു്. ൨൫ ശതമാനം മാനേജുമെൻറു കൊടുക്കണമെന്നുള്ള വ്യവസ്ഥ അവർ നടപ്പിൽ വരുത്തുകയില്ല. ൫ ശതമാനം കൊണ്ടുമാത്രം ഈ പ്രൈവറ്റുസ്കൂളുകളിലെ അദ്ധ്യാപകന്മാർ കഴിഞ്ഞുകൂടണം.

LIBRARY ARCHIVES Kerala Legislative Assembly

MR. M. L. JANARDHANA PILLAI : അ ഫ ശതമാനം മാനേജ്മെൻറ് എന്തു ചെയ്യും.

MR. P. M. VARGHESE : മാനേജ്മെൻറ് പണമൊന്നും കെട്ടിവച്ചു കൊണ്ടല്ല സ്കൂളുകൾ നടത്തുന്നത്. അധികം സ്കൂളുകളും നഷ്ടത്തിലാണ് നടത്തുന്നത്! ലാഭത്തിലല്ല.

MR. V. GANGADHARAN NAIR (*Qulion cum Kottarakara*): പിന്നെഎന്തുകൊണ്ടാണ് ഈ പള്ളിക്കൂടങ്ങൾ ഗവണ്മെൻറിലേയ്ക്ക് വിട്ടുകൊടുക്കാൻ മടിക്കുന്നത്?

MR. P. M. VARGHESE : അതിനുള്ള കാരണം ഞാൻ മുൻപേ പറഞ്ഞു. അതായത് ഒരു വമ്പിച്ച തുക ചെലവാക്കി കെട്ടിടങ്ങളും ഉപകരണങ്ങളും മറ്റും ഉണ്ടാക്കി അതു ഉപയോഗപ്പെടാതിരിക്കുന്നതിൽ അവക്ക് ഖേദം ഉണ്ട്.

MR. R. MADHAVAN NAIR : കെട്ടിടങ്ങൾക്കുടി ഗവണ്മെൻറിലേയ്ക്ക് വിട്ടുകൊടുക്കണ്ടതോ?

MR. P. M. VARGHESE : ഗവണ്മെൻറ് നിർബന്ധിക്കുകയാണെങ്കിൽ വിട്ടുകൊടുക്കണം. മതപരമായ വിദ്യാഭ്യാസത്തിനുകൂടി സൗകര്യം കിട്ടുമല്ലോ എന്നു കരുതിയാണ് ഇപ്രകാരമുള്ള കെട്ടിടങ്ങൾ ഉണ്ടാക്കി പള്ളിക്കൂടങ്ങൾ നടത്തുന്നത്. ആ കാരണംകൊണ്ട് ഒരു പക്ഷേ കെട്ടിടങ്ങൾ ഗവണ്മെൻറിലേയ്ക്ക് വിട്ടുകൊടുക്കുവാൻ വിസമ്മതിക്കുന്നവരും കണ്ടേക്കും. മതാഭ്യസനം പാടില്ലാ എന്നു പറയുന്നതിലേയ്ക്ക് സ്കൂളുകൾ ഏറ്റെടുത്തു നടത്തുന്നതിൽ അവക്ക് വിസമ്മതവും കണ്ടേയ്ക്കാം. നിർബന്ധമായി പള്ളിക്കൂടം കൈവശപ്പെടുത്തേണ്ടിവരും. പ്രൈവറ്റ് സ്കൂളുകൾ ഏറ്റെടുക്കുന്നതുകൊണ്ട് ഗവണ്മെൻറിന് എന്താണ് പ്രയോജനം ഉണ്ടാകുന്നതെന്നും ആലോചിക്കേണ്ടതാണ്. ഗവണ്മെൻറ് പള്ളിക്കൂടങ്ങളും പ്രൈവറ്റ് പള്ളിക്കൂടങ്ങളുമായി അഭ്യസനകാര്യത്തിൽ യാതൊരു വ്യത്യാസവുമില്ല. പ്രൈവറ്റ് സ്കൂളുകളിലെ അഭ്യസനരീതി കുറേക്കുടി മെച്ചമായിട്ടാണ് നടക്കുന്നതെന്നു വേണം പറയുവാൻ. ചില പ്രൈവറ്റ് പള്ളിക്കൂടങ്ങളിൽ അനാശാസ്യമായ നടപടികൾ നടക്കുന്നുണ്ടായിരിക്കാം. പ്രൈവറ്റ്സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം ഇന്നു കൊടുക്കുന്നതിനു പകരം ഒരു മാസം കഴിഞ്ഞു കൊടുത്തു എന്നു വരാം. എന്നാൽ സാധാരണ രീതി അങ്ങിനെ അല്ല. ചില നാടുകളിൽ ഒരു കെട്ടിടംപോലും ഉണ്ടാക്കുന്നതിനു സൗകര്യമില്ലാത്ത സ്ഥലങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. M. Varghese]

ളിൽ പള്ളിക്കളുടേയും ജനങ്ങളുടേയും സഹായത്തോടുകൂടിയാണ് പള്ളി ക്കൂടങ്ങൾ പണിയിക്കുന്നത്. ചില സ്ഥലങ്ങളിൽ അദ്ധ്യാപകന്മാക്ക് ആവശ്യമുള്ള ശമ്പളം കൊടുക്കാൻ സാധിക്കാതെ വരും. എങ്കിലും അരിയോ മറ്റു ആവശ്യമുള്ള സാധനങ്ങളോ കൊടുത്തു മാനേജരന്മാർ അദ്ധ്യാപകന്മാരെ പോറ്റിവരുന്നുണ്ട്. അദ്ധ്യാപകന്മാരുടെ മുഴുവൻ ശമ്പളവും ഗവണ്മെൻറ് തന്നെ കൊടുക്കണം. ഇതു ഗവണ്മെൻറ് മാനേ ജ്മെൻറിനെ ഏല്പിക്കണമെന്നു ഞാൻ പറയുന്നില്ല.

MR. CHAZHIKKATTU JOSEPH : അങ്ങിനെ പറയുന്നതു മാനേജ്മെ ൻറിൽ വിശ്വാസമില്ലാത്തതുകൊണ്ടല്ലേ?

MR. P. M. VARGHESE : അവരും മനുഷ്യരല്ലേ. ചില മാനേജരന്മാരെ എനിക്കും വിശ്വാസമില്ല.

MR. K. BALAKRISHNA MENON : എന്നാൽ പിന്നെ ഈ സ്കൂളുകളെല്ലാം ഗവണ്മെൻറ് ഏറ്റെടുക്കുന്നതല്ലേ ഭംഗി.

MR. P. M. VARGHESE : അതിനെപ്പറ്റി ഞാൻ പറഞ്ഞുകഴിഞ്ഞു. അഭ്യസനവിഷയത്തിൽ പ്രാഥമികവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം നാട്ടുകാർ ഇന്നു ഗവണ്മെൻറിനു സഹായകമായി തീരണമെങ്കിൽ ഇപ്പോഴുള്ള ഗവണ്മെൻറുപള്ളിക്കൂടങ്ങൾകൂടി മാനേജ്മെൻറിലേയ്ക്കു വിട്ടുകൊടുക്കേണ്ടതാണ്. എന്നാൽമാത്രമേ നിർബന്ധിതവിദ്യാഭ്യാസം നടപ്പിൽ കൊണ്ടുവരാൻ സാധ്യമാകയുള്ളൂ. ഗവണ്മെൻറ് നിർബന്ധിതവിദ്യാഭ്യാസം നടപ്പിൽ കൊണ്ടുവരുവാൻ തന്നെ കാരണം ജനങ്ങളുടെ മുറവിളികൊണ്ടാണ്. ജനങ്ങളുടെ ഈ മുറവിളി കേട്ടില്ല എന്നു പറഞ്ഞിരിക്കുന്നതു ശരിയല്ല. ഗവണ്മെൻറു പ്രൈവറ്റുസ്കൂളുകളും മുഴുവൻ ഏറ്റെടുക്കുകയാണെങ്കിൽ എന്തിനാണ് അതിൽ സഹകരിക്കാൻ പോകുന്നതു്. അതു് നമ്മുടെ കാര്യമല്ലല്ലോ എന്നു വിചാരിച്ചു നാട്ടുകാർ ഈ പദ്ധതിയോടു പരിപൂർണ്ണമായി സഹകരിച്ചില്ലെന്നും വരാം. ഇപ്പോൾ നിർബന്ധിതവിദ്യാഭ്യാസം ഗവണ്മെൻറു പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുന്നു. ഈ പരിഷ്കാരം പ്രൈവറ്റുസ്കൂളുകളുമായി സഹകരിച്ചുമാത്രമേ നടപ്പിലാക്കാൻ കഴുകയുള്ളൂ. അപ്പോൾ നാനാ വിധത്തും ഈ കാര്യത്തിൽ സഹകരിക്കാൻ ഉണ്ടാകും. ഒരു ഗവണ്മെൻറു പള്ളിക്കൂടത്തിലുള്ള ഹെഡ്മാസ്റ്റർ തന്നെക്കീഴിലുള്ള ഒരദ്ധ്യാപകനെ എന്തെങ്കിലും കുറ്റം പറയുകയാണെങ്കിൽ മറ്റദ്ധ്യാപകന്മാരെല്ലാം ചേരുംകൂടി ഹെഡ്മാസ്റ്റർക്കെതിരായി എന്തെങ്കിലും കുറ്റം കണ്ടുപിടിച്ചു മാർജികം അയപ്പിക്കുകയും കുഴപ്പങ്ങൾ ഉണ്ടാക്കുകയും ചെയ്യും. നേരേ

LIBRARY ARCHIVES Kerala Legislative Assembly

മറിച്ച് മാനേജ്മെന്റു പള്ളിക്കൂടങ്ങളിൽ അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകുക സാധാരണമല്ല. അഥവാ ഉണ്ടായാൽത്തന്നെ അതു മാനേജ്മെൻറിനുള്ളിൽതന്നെ അവസാനിപ്പിക്കും. അദ്ധ്യാപകന്മാരുടെ ശമ്പളത്തെ സംബന്ധിച്ചാണ് എല്ലാവർക്കും സങ്കടമുള്ളതു്. ആ സങ്കടമില്ലാതാക്കണമെങ്കിൽ ശമ്പളം മുഴുവനും ഗവൺമെൻറുതന്നെ കൊടുക്കണം. എന്നാൽ ഗവൺമെൻറുതന്നെ ഈ പള്ളിക്കൂടങ്ങൾ നടത്തിക്കൂടേ എന്നു ചോദിക്കുന്നതിൻറെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഗവൺമെൻറിൻറെ ഒരു പദ്ധതി ജനങ്ങളുടെ സംപൂർണ്ണമായ സഹകരണത്തോടുകൂടിയാണ് നടപ്പിലാക്കേണ്ടതു്. അതുകൊണ്ടു പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ മുഴുവൻ ശമ്പളവും ഗവൺമെൻറുതന്നെ കൊടുക്കുക, മറ്റു സഹായങ്ങൾ ചെയ്യുക. അപ്പോൾമാത്രമേ നിർബന്ധിതവിദ്യാഭ്യാസം വിജയത്തിലെത്തുകയുള്ളൂ.

MR. A. NESAMONY: We are thankful to the Government for having ordered that compulsory primary education should be introduced in the taluk of Agastiswaram including the Municipality of Nagercoil. I assure the Government that the Municipal Council would be prepared to render all possible aid in making the scheme a success in that area. It is a move in the right direction because there is every possibility of getting things done in the Agastisvaram taluk.

But so far as the private management schools are concerned, I am one with those who believe that if Government want to step in, the private management must yield. The private managements had been on the field of education long before the Government of Travancore had contemplated to educate its citizens. They felt it a duty to educate the down-trodden, the despised and the poor in the land. In that noble work there are missions which are labouring for the last 150 years. We are proud of that noble heritage. But for their labours Travancore could not have been as literate as it is at present.

Sweeping statements have been made on the floor of the House that this State is a Hindu State and as such no private management should be encouraged to teach religion thereby hinting that the State will tend to become a land of Muhammedanism and Christianity. I belong to a community which numbers a lac and 40 thousand. We are not afraid if this Government removes the props that support this community. We are prepared to rule shoulder to shoulder with any member of any community provided we are given a fair chance. There is no communal antagonism and religious animosity in this State as such. The cry of communalisam and religion in danger is fostered by a few job hunters who hanker after offices. It is the work of a gang of people who hang on to the Government for a share in the distribution of offices. The earlier the communal representation for purposes of recruitment to the Public

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Nesamony]

Service is abolished the better for all communities in this state. That day will be the day of salvation for this Stat (Hear! Hear!).

If my honourable friend would accompany me to some of the convents, and some of the girls' schools that we are running he would agree with me that the sweeping statement that the private management was a profit making agency and a proselytising agency is unfounded. I would request this Government to take a census of the children in these convents and girls schools in the Nursery school, infant class and Kinder-garten class and find out the proportion of non-Christians to Christians. I am sure they will be preponderantly non-christian. Not only that, if you take the average income of the parents you will find that people who have fat incomes only are patronising these institutions. So, it is absurd to say that if they are sent to the convent or the girl school they would become at once christians as there are proselytising agencies. The broadening of the mind is a thing that is to be appreciated and recognized and not a thing to be condemned on the floor of the House. Honourable Members should think whether it is not something commendable that these institutions are doing to the State. Handsome praise has been paid by some members to the work of these institutions and it is gratifying to note that they have recognised their work. But there are some who make sweeping generalisations.

I am prepared to support the proposition moved by Mr. Menon. My reasons are these. Speaking of a society with which I am intimately connected and with its institutions both church and school, it has 300 primary schools, a college, and three high schools and a number of Tamil high schools and it was the pioneer in the field of education. As between the London Missionary Society and the church of England, the latter claims to be the pioneer in the field of education though we still maintain that we were the pioneers. We lent a Harvey to start the Maharajah's High School in Trivandrum. We lent a mead as a Judge to the Travancore Judiciary. Those have rendered beautiful service. Dewan Bahadur Nagamaiah has paid a handsome tribute in his State Manual to the work done by this society. The recent writer of the State Manual has attempted to minimise the importance of the work of the Missionary in Travancore. The reorganisation committee has paid a tribute to the work done by private agencies. Whatever might be the attempts to minimise the work of the Missionary, he was the first in the field of education to teach a people who were held down by their brethren, who had practically no religion of their own, who could not use the high way of the State and who were compelled to do all sorts of manual labour which were generally styled as Oozhium services. The backs of my ancestors bent under the loads they carried to the temple elephants. There was no body to give them relief. It is to such people then the Missionary brought relief and succour. I have to acknowledge with gratitude the

LIBRARY ARCHIVES Kerala Legislative Assembly

services he rendered. I would not have been what I am today but for his labours. They have been on the field of education when the Government did not feel that it was its primary duty to educate the citizens. Now that the Government has stepped in to educate all the citizens of the State, I think that it is high time for them to yield. I believe it is the primary duty of the State to educate its citizens and not of any private institution or agency. So we are prepared to yield.

But the Government must be apprised of the fact, that while we are prepared to yield to the Government we are not prepared to surrender to any other private agency. Our fears are aroused when inspecting officers go about making inquisitional visits to our institutions, making surveys of local conditions, setting up one community against another saying 'will you put up this and will you put up that'. That is not going to help education. It is going to be education on communal lines. If the Government give the assurance that the education they are going to impart to our children would not be by handing them over to other private communal agencies we are prepared to surrender our rights, because it is the primary duty of the State to educate its subjects.

There is one other point which I wish to make clear. There are 41 primary schools in the Agastiswaram Taluk run by the London Mission. There are others run by the Lutheran Mission—an American Missionary Society. It does not get any grant from the Government for its teachers but they are heavily paid. There are others which are run by the Salvation Army and the Catholics I might assure the Government and this honourable House that we are paying more than the Government grant by way of salary to the teachers. It may be of interest to this House to know that Rs. 44,000 is the annual dearness allowance which we pay to our teachers and church workers. This amount is contributed not by gentlemen from here but by the philanthrophic Britishers. But for him the mission would not have been able to run its institutions. The mission is now witnessing its triple jubilee and plans are being laid for the expansion of higher education in this State. Vast sums of money are paid out as dearness allowance and that would continue till the end of this war. Which other private agency is paying such huge sums as dearness allowances. I may tell the House also that we have been the first to pay dearness allowance long before the Government contemplated to pay dearness allowance. We paid two months ahead of the Government.

DEPUTY PRESIDENT: Order, order. The honourable member might confine his remarks as on the question whether Government should take over primary schools or not. The argument advanced by him now does not touch the question at all.

MR. A. NESAMONY: I am sorry. My arguments are that while making sweeping statements, the honourable members might remember that there are managements and managements which are not pro-

LIBRARY ARCHIVES Kerala Legislative Assembly

MR. V. S. KRISHNA PILLAI: Inspite of this educational enterprise, is not Agasthiswaram taluk the worst in point of literacy?

MR. A. NESAMONY: May be.

What I was telling the House was that the private management may be in favour of the Government taking over the schools, but only it should not be replaced by another management or as Mr. Parameswaran Pillai would characterise it, by a corrupt management.

No private management could hope to run a school on the conditions laid down in the report. By the very weight of the conditions imposed all private managements would cease to exist. On a simple calculation in a school of five teachers every year you will have to spend at least Rs. 300 on the salary of the teachers alone. Which management is there in this State which is capable of shelling out Rs. 800 annually to be spent on a school besides the capital expenditure on land, buildings and furniture? What about the cost of the annual recurring maintenance? So under the conditions imposed these schools are bound to be taken over by the Government. The next step will be the surrender of all the Middle Schools and then the High Schools and finally the colleges. As the University Act itself aims at a unitary system, the colleges also have to be surrendered and under the conditions imposed private managements should cease to exist. The earlier this happens the better. It is better to allow the Government to have a free hand in this matter. The Government of Mysore took up the primary schools as a primary concern of the State. I think that if this State would conform to the principles which other Governments have conformed to in the matter of taking up private management schools no private management will be unwilling to surrender its schools to the State.

MR CHAZHIKKATTU JOSEPH: Ingratitude more strong than traitor's arms" എന്ന ഒഷയിക്സ്പിയർ പറഞ്ഞിട്ടുണ്ട്. ഗ്രാന്റ്സ്കൂളുകളെ പ്പറ്റിയുള്ള ചില മെമ്പറന്മാരുടെ അഭിപ്രായം കേട്ടപ്പോൾ എനിക്ക ഈ സംഗതി ഓർമ്മ വരുന്നു.

ബഹുമാനപ്പെട്ട മെമ്പറന്മാർ എയിഡഡ് സ്കൂളുകൾ തിരുവ താംകൂറിൽ എന്നു തുടങ്ങിയെന്നും, അവർ ഈ രാജ്യത്തു് വിദ്യാഭ്യാസ പരമായ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിരുന്നുവെന്നും ക്ഷമാപൂർ ഓർമ്മിക്കുവാൻ ഞാൻ ഈ അവസരത്തിൽ അപേക്ഷിക്കുന്നു. ഈ രാ ജ്യത്തു് എയിഡഡ് സ്കൂളുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ യാതൊരു ഉത്സാഹവും മിഷനറിമാർ പ്രദർശിപ്പിച്ചിരുന്നില്ല എന്നും, ഇവിടെ യാതൊരു എയിഡഡ് സ്കൂളുകളും സ്ഥാപിച്ചിരുന്നില്ല എന്നും വിചാരി ക്കുക. എങ്കിൽ ഇന്ന് തിരുവിതാംകൂറിലുള്ളതിന്റെ ഏറിലൊരു ഭാഗം വിദ്യാഭ്യാസം പോലും ഇവിടെ ഉണ്ടാകുമായിരുന്നില്ല. തിരു

LIBRARY ARCHIVES Kerala Legislative Assembly

താംക്കർ ഇന്ന് സാക്ഷരതയിലും, വിദ്യാഭ്യാസത്തിലും ഇതര രാജ്യങ്ങളെ അപേക്ഷിച്ച് മുന്നിട്ട് നിൽക്കുന്നെങ്കിൽ, അത് എയിഡഡ് സ്കൂൾ സ്ഥാപിച്ചുകൊണ്ടുള്ള മിഷ്യനറിമാരുടെ പ്രവർത്തനങ്ങളുടെ ഫലംകൊണ്ട് മാത്രമാണ് സാധിച്ചിട്ടുള്ളതു്. ഗവണ്മെൻറ് ഇക്കാര്യത്തിൽ വളരെ പിന്നിലാണ് നിന്നിരുന്നതു്. ബഹുമാനപ്പെട്ട മെമ്പറന്മാർ അവരുടെ മുമ്പാകെ ഇരിക്കുന്ന റിപ്പോർട്ടിൽ ഫർദാം പേജിലെ ഫർദാഖണ്ഡിക ഒന്നു നോക്കിയാൽ കൊള്ളാം. ഡിപ്പാർട്ടുമെൻറിൽ പ്രൈമറിസ്കൂളുകളും വ്യവസ്ഥ ആയിരിക്കെ, എയിഡഡ് സ്കൂളുകൾ വർദ്ധനവ് ഉണ്ടായതു്. അതുപോലെ തന്നെ ഒരു വർഷം അദ്ധ്യാപകന്മാർ ഡിപ്പാർട്ടുമെൻറൽ സ്കൂളുകളിൽ ഉള്ളതിലും, എയിഡഡ് സ്കൂളുകളിൽ ഒരു വർഷം അദ്ധ്യാപകന്മാരുണ്ട്: ഏകദേശം നാലുമുക്കാൽ ലക്ഷത്തോളം വിദ്യാർത്ഥികൾ എയിഡഡ് സ്കൂളുകളിൽ പഠിച്ചുവരുന്നു. ഇതൊന്നും ആലോചിക്കാതെ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രൈവറ്റുസ്കൂളുകളെല്ലാം ഗവണ്മെൻറുതന്നെ ഏറ്റെടുത്തുകൊള്ളണമെന്നു്, തൽസംബന്ധമായി പ്രൈവറ്റുസ്കൂളുകൾ ഇതു പര്യന്തം ചെയ്തിട്ടുള്ള സ്തുത്യർഹങ്ങളായ പരിശ്രമങ്ങളെപ്പറ്റി അശേഷം നന്ദിയില്ലാതെ, മി. ബാലകൃഷ്ണമേനോൻ ഈ പ്രമേയംമൂലം ആവശ്യപ്പെട്ടുകണ്ടതിൽ ഞാൻ വളരെ അത്ഭുതപ്പെടുന്നു. മി. മേനോൻ ഈ പ്രമേയം അദ്ദേഹത്തിൻറെ സ്വന്തനിലയിൽ കൊണ്ടുവന്നതാണോ, മറുചില പിൻ ആലോചനകളുടെ ഫലമായി ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചതാണോ എന്നു് എനിക്കു നിശ്ചയമില്ല. ഇന്നു് ഇവിടെ ഇരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറൻമാരിൽ ഭൂരിപക്ഷം ആളുകളും എയിഡഡ് സ്കൂളുകളിൽ നിന്നു് വിദ്യാഭ്യാസം ലഭിച്ചുവരാണെന്നാണ് എൻറെ വിശ്വാസം. അതെപ്പറ്റി അശേഷം നന്ദിയില്ലാതെ, എയിഡഡ് സ്കൂളുകളിൽ നിന്നു് മുമ്പു ലഭിച്ചിട്ടുള്ള സഹായങ്ങളും കേവലം വിസ്മരിച്ചുകൊണ്ടു്, ഈ പ്രമേയത്തെ ചില മെമ്പറൻമാർ അനുകൂലിക്കുന്നതിൽ അത്ഭുതപ്പെടുവാനേ നിവൃത്തിയുള്ളൂ.

MR. G. PARAMESWARAN PILLAI: എയിഡഡ് സ്കൂളുകൾ ഈ രാജ്യത്തെ വിദ്യാഭ്യാസത്തെ സഹായിക്കുന്നില്ലെന്നു് ഇവിടെ ആരെങ്കിലും പറഞ്ഞോ?

MR. CHAZHIKKATTU JOSEPH: എയിഡഡ് സ്കൂളുകളിൽ വേണ്ടതൊന്നും പഠിപ്പിക്കുന്നില്ല, എന്നുമാത്രമല്ല വേണ്ടാത്തതു ചിലതുകൂടി പഠിപ്പിക്കുന്നു, അതുകൊണ്ടു് ഈ സ്കൂളുകൾ ഗവണ്മെൻറു ഏറ്റെടുക്കണ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chazhikkattu Joseph.]

മെന്നും മറും ബഹുമാനപ്പെട്ട മെമ്പർ തന്നെ പറയുകയുണ്ടായി. ഇൻസ്പെക്ഷനു വരുമ്പോൾ അടുത്തുള്ള ഷാപ്പുകളിൽ നിന്നോ, കയർഫാക്ടറികളിൽ നിന്നോ, ആളുകളെ സ്കൂളിൽ പിടിച്ചിരുത്താനുണ്ടെന്നും മറും എയിഡഡ് സ്കൂളുകളെപ്പറ്റി ആക്ഷേപകരമായ പ്രസ്താവനകൾ ചെയ്ത മെമ്പർ തന്നെ എയിഡഡ് സ്കൂളുകൾ രാജ്യത്തിൽ ഇതുവരെ ചെയ്തുപോന്നിട്ടുള്ള സഹായങ്ങളെ തീരെ വിസ്മരിച്ചുകൊണ്ടാണ് അപ്രകാരം പ്രസ്താവിച്ചിട്ടുള്ളതെന്നു പറയാതെ നിവൃത്തിയില്ല. വലിയ നന്ദികേടാണിത്.

MR. G. PARAMESWARAN PILLAI : ചോദ്യം മനസ്സിലായില്ലെങ്കിൽ ആ ചോദ്യം ഒന്നുകൂടി ആവശ്യപ്പെട്ടിരുന്നാൽ പറഞ്ഞുതരുമായിരുന്നു. എയിഡഡ് സ്കൂളുകൾ രാജ്യത്തിനു സഹായകമായിരുന്നില്ല എന്ന് ആരെങ്കിലും പറഞ്ഞോ? എന്നായിരുന്നു എന്റെ ചോദ്യം.

MR. CHAZHIKKATTU JOSEPH : മി. പരമേശ്വരൻപിള്ള തന്നെ എയിഡഡ് സ്കൂളുകൾ ഇന്നത്തെ നിലയ്ക്കു രാജ്യത്തിന് ആവശ്യമില്ലെന്നു പറയുകയുണ്ടായി. അതു എയിഡഡ് സ്കൂളുകളുടെ സഹായത്തെ കരുതി പറഞ്ഞതാണോ എന്നു ഞാൻ ചോദിക്കുന്നു? പോരെങ്കിൽ ഇൻസ്പെക്ടർമാരും മറും പരിശോധനയ്ക്കു വരുന്ന സന്ദർഭങ്ങളിൽ കയർ ഫാക്ടറികളിൽ നിന്നും കുട്ടികളെ പിടിച്ചുകൊണ്ടുവന്ന് ഇരുത്തുകയും വിധം അത്ര അനാശാസ്യമായ നിലയിലാണ് അവർ ഇപ്പോൾ വിദ്യാഭ്യാസം നൽകിവരുന്നതെന്നും, അതുകൊണ്ടു എത്രയും വേഗം എയിഡഡ് സ്കൂളുകൾ നിറുത്തൽ ചെയ്യേണ്ടതാണെന്നും കൂടി മി. മേനോനും, മി. പരമേശ്വരൻ പിള്ളയും ഉടൻ പറഞ്ഞു.

MR. G. PARAMESWARAN PILLAI : എന്റെ ചോദ്യം ശരിക്കു മനസ്സിലാക്കുവാനുള്ള ബുദ്ധി ഇനിയെങ്കിലും മെമ്പർക്കുണ്ടായാൽ കൊള്ളാം. പ്രൈവറ്റു സ്കൂളുകളുടെ ഇന്നത്തെ സ്ഥിതിയെപ്പറ്റിയല്ലേ ഞാൻ പറഞ്ഞതു? മുമ്പു പ്രൈവറ്റു സ്കൂളുകൾ സഹായകമായിരുന്നില്ല എന്നു ഞങ്ങൾ ആരെങ്കിലും പറഞ്ഞോ?

MR. CHAZHIKKATTU JOSEPH : പറയേണ്ടാത്തതു് പലരും ഇവിടെ മെമ്പറന്മാർ പറയുകയുണ്ടായി. അതു് നന്ദികേടാണെന്നാണ് ഞാൻ പറയുന്നതു്. ബഹുമാനപ്പെട്ട മെമ്പർ തന്റെ അടുത്തുള്ള ഏതെങ്കിലും ഒരു സ്കൂളിലെ അനുഭവം വച്ചുകൊണ്ടു് തിരുവിതാംകൂറിലുള്ള എല്ലാ എയിഡഡ് സ്കൂളുകളിലേയും സ്ഥിതി അപ്രകാരമാണെന്നു വിധിച്ചതു വളരെ കഷ്ടമായിപ്പോയി. ക്രമമായ അന്വേഷണമോ, അദ്ധ്യാപകന്മാർക്കു

LIBRARY ARCHIVES Kerala Legislative Assembly

ശരിയായ ശമ്പളമൊ കൊടുക്കാതെ ഞവലപ്പുഴയുടെ സമീപപ്രദേശമുള്ള ഏതൊ ഒരു സ്കൂളിൽ എന്തോ കുഴപ്പങ്ങൾ കാണിച്ചിരിക്കാം. തിരുവിതാംകൂറിന്റെ ബാക്കിയുള്ള ഭാഗങ്ങളിൽ നടത്തുന്ന എല്ലാ എയിഡഡ് സ്കൂളുകളുടെ സ്ഥിതിയും അപ്രകാരമാണെന്ന് ഉടനെ നിശ്ചയിക്കുന്നതു ശരിയാണോ ?

MR. G. PARAMESWARAN PILLAI. ഇങ്ങനെ കുഴപ്പത്തിൽ ചില സ്കൂളുകൾ നടത്തിപ്പോരുന്നുണ്ടെന്നു പറഞ്ഞതു് ഔചിത്യമാകുമോ ?

MR. CHAZHIKKATTU JOSEPH : ഒന്നോ, രണ്ടോ സ്കൂളിലെ അനുഭവം മാത്രം വച്ചുകൊണ്ടു എല്ലാ സ്കൂളുകളുടേയും ഗതി ഇങ്ങനെയാണെന്നു മൊത്തത്തിൽ അഭിപ്രായപ്പെടുന്നതു് ശരിയല്ലെന്നാണ് എനിക്കു ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുവാനുള്ളതു.

MR. S. SANKARANARAYANAN TAMPI : സർ, ബഹുമാനപ്പെട്ട മെമ്പർ കൂടുതൽ പതുക്കെ പറഞ്ഞാൽ കൊള്ളാം.

MR. CHAZHIKKATTU JOSEPH : രാജ്യത്തിന്റെ വിദ്യാഭ്യാസപരമായ പുരോഗമനത്തെ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നതിൽ അത്യന്തം പരിഭ്രമിച്ചുകൊണ്ടിരുന്ന ഈ സ്ഥാപനങ്ങളുടെ ഔദാര്യം ചില മെമ്പറന്മാർ പറയുന്നതിനെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടതാണു.

MR. A. K. BHASKER : ഞങ്ങൾ പറയുന്നതു്, ഇങ്ങനത്തിലുള്ള പ്രൈവറ്റു സ്ഥാപനങ്ങളുടെ ഔദാര്യം ഞങ്ങൾക്കാവശ്യമില്ലെന്നും, ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ ഔദാര്യം മാത്രം മേലാൽ വഴിച്ചാൽ മതിയെന്നുമാണു.

MR. CHAZHIKKATTU JOSEPH : പ്രൈവറ്റു സ്കൂളുകളിൽ നിന്നും വഴിച്ചിട്ടുള്ള ഔദാര്യത്തിന്റെ ഫലമായിട്ടാണു് ഇവിടെ ഇരിക്കുന്ന മെമ്പർമാരിൽ ഭൂരിപക്ഷം അഭ്യസ്തവിദ്യരും വിദ്യാഭ്യാസം വഴിച്ചിട്ടുള്ളതെന്നു ഞാൻ ഒന്നുകൂടി പറഞ്ഞുകൊള്ളുന്നു.

MR. G. PARAMESWARAN PILLAI : ഔദാര്യത്തിന്റെ കൂടുതൽകൊണ്ടാണോ ഗവണ്മെൻറു, പ്രൈവറ്റുസ്കൂൾ ഏറ്റെടുക്കുന്നതിൽ മെമ്പർ എതിർക്കുന്നതു് ?

MR. CHAZHIKKATTU JOSEPH : മുൻപു ചെയ്തിട്ടുള്ള ഔദാര്യത്തെപ്പറ്റി സ്മരിക്കാത്തതു് നന്ദികേടാണു്. അതുകൊണ്ടു ഈ ചോദ്യത്തിനു് തല്ക്കാലം ഉത്തരം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

MR. K. R. NARAYANAN : സർ, "നന്ദികേടു്" I think this expression is unparliamentary.

LIBRARY ARCHIVES Kerala Legislative Assembly

MR. K. G. KUNJUKRISHNA PILLAI : നന്ദികേടെന്നുള്ള വാക്കിൽ അൺപാർലമെൻററിയായിട്ടൊന്നുമില്ല.

If Mr. Joseph refers to a particular person, it is insinuation. Even in that case, it is out of order not because it is unparliamentary but because it will be an insinuation against the bonafides and motives of an honourable member,

DEPUTY PRESIDENT : Mr. Joseph, were you insinuating a particular honourable member or against the conduct of the people in general?

MR. CHAZHIKKATTU JOSEPH : ഞാൻ ഗ്രാൻറ് സ്കൂളുകളിൽ ചെയ്യപ്പോരുന്ന സേവനങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മെമ്പറന്മാർ സ്മരിക്കണമെന്നാണ്. പറഞ്ഞതല്ലാതെ ആക്ഷേപമായി ഒരു തരത്തിലും ഇൻസിനിവേഷൻ ഉണ്ടാകണമെന്നു ഞാൻ ഉദ്ദേശിച്ചിട്ടില്ല.

സർ, ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടതുപോലെ എല്ലാ പ്രൈവറ്റ്സ്കൂളുകളും, ഗവണ്മെൻറ് ഏറ്റെടുക്കണമെന്നു വിചാരിക്കുക. ഇപ്പോൾ, ഗവൺമെൻറ് കെട്ടിടങ്ങൾ ഇതിലേക്കുണ്ട്. ഈ കെട്ടിടങ്ങൾ കൊള്ളാംക്രമേ ഏകദേശം ഏഴ് ലക്ഷം രൂപാ വില വരുന്നതാണ്. അടുത്തകാലത്തു് എന്റെ ഇടവകയിൽപ്പെട്ട ഒരു സ്കൂളിൽ ഒരു കെട്ടിടം പണിയിച്ചതിന് ഏകദേശം പതിനായിരം രൂപയോളം ചെലവായിട്ടുണ്ട്. ഈ കെട്ടിടങ്ങൾ മുഴുവൻ ഗവണ്മെൻറ് ഏറ്റെടുക്കുന്നതിന് അത്ര ക്ഷിപ്രസാദ്ധ്യമായ ഒരു കാര്യമാണെന്ന് എനിക്കു തോന്നുന്നില്ല.

MR. G. PARAMESWARAN PILLAI : പ്രൈവറ്റ് സ്കൂളുകൾ നടത്തുന്നതിൽവച്ച് മാനേജർന്മാർക്കു ആദായമൊന്നും ലഭിക്കുന്നില്ലേ?

MR CHAZHIKKATTU JOSEPH : ആദായത്തിനു വേണ്ടിയല്ല, പ്രൈവറ്റ്സ്കൂളുകൾ സാധാരണ നടത്തുന്നതു്. തിരുവിതാംകൂറിലെ ബാലന്മാരെയും, ബാലികമാരെയും വിദ്യാഭ്യാസം ചെയ്യിക്കണമെന്നുള്ള പാവനമായ സേവനോദ്ദേശത്തോടുകൂടിയാണു് വിദ്യാലയങ്ങൾ സ്ഥാപിച്ചിരിക്കുന്നതു്.

MR. K. R. NARAYANAN : അതാണ് മാനേജ്മെൻറ് സ്കൂൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശമെങ്കിൽ ഗവണ്മെൻറ് അതു ഏറ്റെടുക്കണമെന്നു പറയുമ്പോൾ മെമ്പർ ഇതു ക്ഷോഭിക്കുന്നതെന്തിനാണ്?

MR. CHAZHIKKATTU JOSEPH : ഈ പ്രൈവറ്റ്സ്കൂളുകളെല്ലാം, ഒരു പക്ഷേ അങ്ങനെ ഒരു നിശ്ചയം പാസാക്കിയിരുന്നാൽ തന്നെയും, ഗവണ്മെൻറ് ഏറ്റെടുക്കുമെന്നുള്ള വിചാരം എനിക്കില്ല. അതുകൊണ്ടു നാക്കായ്തുകൊണ്ട് എനിക്കു ക്ഷോഭിക്കേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. R. MADHAVAN NAIR: അപ്പോൾ ഈ ഗ്രാൻറ് സ്കൂളുകൾ നടത്തുന്നത് ഇംഗ്ലണ്ടിലും, അമേരിക്കയിലുമുള്ള ആളുകളിൽനിന്ന് അതിനുള്ള പേരും പറഞ്ഞ് ഗ്രാൻറ് വാങ്ങിക്കാനാണോ?

MR. CHAZHIKKATTU JOSEPH: അതിനു ഉത്തരംപറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല.

സർ, അഞ്ചുവയസ്സുമുതൽ പത്തുവയസ്സുവരെ പ്രായമുള്ള വിദ്യാർത്ഥികൾക്ക് നിർബന്ധിതവിദ്യാഭ്യാസം ഏർപ്പെടുത്തണമെന്ന് ഗവണ്മെൻറ് ഗൗരവമായി വിചാരിക്കുന്നപക്ഷം, മാനേജർന്മാരുടെയും, അവർ നടത്തുന്ന സ്കൂളുകളുടെയും സഹായസഹകരണങ്ങളോടുകൂടിയല്ലാതെ അതു ശരിക്കു നടത്തിക്കൊണ്ടു പോകുവാൻ സാദ്ധ്യമല്ലെന്നാണ് എന്റെ അഭിപ്രായം. അതിനാൽ പ്രൈവറ്റുസ്കൂളുകളെ കൂടി കഴിയുന്നിടത്തോളം പ്രോത്സാഹിപ്പിക്കുന്ന ഒരു നയമാണ്,—മുഴുവനും ഗവണ്മെൻറിന്റെ നിയന്ത്രണത്തിൽ ഏറ്റെടുക്കുക എന്ന നയമല്ല—ഗവണ്മെൻറു കൈക്കൊള്ളേണ്ടതു്. അഥവാ പ്രൈവറ്റുസ്കൂളുകളും, മുഴുവൻ ഏറ്റെടുക്കുവാനാണു ഗവണ്മെൻറു വിചാരിക്കുന്നതെങ്കിൽ, ഗവണ്മെൻറു ഒരു വലിയ ഭാരം എടുത്തു തലയിൽ വയ്ക്കുകയാണു് ചെയ്യുന്നതു്.

MR. K. BALAKRISHNA MENON: പ്രൈവറ്റുസ്കൂൾ അദ്ധ്യാപകന്മാർ ഇനിയും പട്ടിണി കിടക്കണമെന്നാണോ മെമ്പറുടെ അഭിപ്രായം?

MR. CHAZHIKKATTU JOSEPH: 'ഇനിയും' എന്നു് മെമ്പർ പറഞ്ഞതിനോടു ഞാൻ യോജിക്കുന്നില്ല. അതിന്റെ അർത്ഥം ഇപ്പോൾ ഉള്ള അദ്ധ്യാപകന്മാർ മുഴുവനും പട്ടിണി കിടക്കുകയാണെന്നാണു്. അതു ശരിയല്ല.

MR. K. G. KESAVAN NAIR: ഇപ്പോൾ അവർ സൂക്ഷ്മമായികഴിയുകയാണെന്നാണോ മെമ്പറുടെ അഭിപ്രായം?

MR. CHAZHIKKATTU JOSEPH: സൂക്ഷ്മത, ഓരോരുത്തരും കഴിയുന്ന സ്റ്റാൻറേഡ് അനുസരിച്ചിരിക്കും. അതുകൊണ്ടു് എല്ലാ അദ്ധ്യാപകന്മാരും ഇപ്പോൾ പട്ടിണിയിൽ കഴിയുകയാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നിരുന്നാലും എയ്ഡഡ് സ്കൂൾ അദ്ധ്യാപകന്മാർക്ക് ശമ്പളക്കൂടുതൽ കൊടുക്കേണ്ടതാണു്. അതിനു കൂടുതൽ ഗ്രാൻറു അനുവദിച്ചുകൊടുക്കുകയാണുവേണ്ടതു് അല്ലാതെ സ്കൂൾ ഏറ്റെടുക്കുകയല്ല വേണ്ടതു്. അതുകൊണ്ടു് ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർക്ക് ഉള്ള ശമ്പള

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chazhikattu Joseph]

കൂട്ടിക്കൊടുക്കുകയും, കാലാകാലങ്ങളിൽ ഗ്രാന്റു കൃത്യമായ തീയതിക്കു സർക്കുലും ഡിപ്പാർട്ടുമെന്റിൽ നിന്നും ഉണ്ടാക്കിക്കൊടുക്കുകയും, അവരുടെ അഭിവൃദ്ധിക്കു വേണ്ട എല്ലാ സൗകര്യങ്ങളും ഉടനടൻ ചെയ്തുകൊടുക്കുകയുമാണ് വേണ്ടതു്. ഗവണ്മെന്റു ഇക്കാര്യത്തിലാണ് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതു്. ഇപ്പോഴും ചില സ്കൂളുകൾ ഏഴും, എട്ടും മാസം ബില്ലുകൾ വാങ്ങിക്കാതെ കഷ്ടപ്പെടുന്നുണ്ട്. ഇങ്ങനെയുള്ള കഷ്ടപ്പാടുകൾക്കു കഴിവുള്ള പരിഹാരമാണ് ചെയ്യേണ്ടതു്. അല്ലാതെ പ്രൈവറ്റു സ്കൂളുകൾ ഒന്നാകെ എടുത്തുകളയണമെന്നു പറയുന്നതു് നീതികരിക്കത്തക്കതല്ല. ഇങ്ങനെയുള്ള ഒരു പ്രമേയം ഇവിടെ കൊണ്ടുവന്നതുതന്നെ ശരിയല്ല. അതിനാൽ എന്റെ സ്നേഹിതൻ ഈ പ്രമേയം പിൻവലിക്കുമെന്നു തന്നെ ഞാൻ വിശ്വസിക്കുന്നു.

MR. V. SREEDHARAN PILLAI (*Kalkulam cum Vilavancode*): I am really sorry that a heated discussion has taken place on a very important resolution moved by Mr. Balakrishna Menon. I am one of those persons who believes that the management of private schools is not satisfactorily conducted. The pamphlet circulated today which purports to be the resolution passed by the All-Travancore Private School Teachers' Association has expressed their grievances to the effect that the managements have not been giving them their allowances and that they are giving them only Rs. 8.

MR. CHAZHIKKATTU JOSEPH: സർ, ഞങ്ങൾക്കു ലഭിച്ചിട്ടില്ലാത്ത ഒരു രേഖയെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസ്താവിക്കുന്നതു ശരിയാണോ?

MR. V. SREEDHARAN PILLAI: I thought that the honourable member, being a representative of a taluk in the State, would have come to know the resolution passed by the All-Travancore Private School Teachers' Association which is an important organisation affecting the whole State. I could not think that an honourable member representing a constituency would be pleading ignorance of a resolution passed by such an All-Travancore body. (Hear, Hear). I shall read for the information of the honourable member certain portions from the pamphlet. It says that the teachers' are treated very badly and that the managements have not given the allowance allowed by the Government. It proceeds to say:—

"തിരുവിതാംകൂറിൽ അങ്കീകൃതമായ ഹൈസ്കൂൾ അദ്ധ്യാപകന്മാരിൽ ഹൈസ്കൂൾ പ്രൈവറ്റു സ്കൂൾ ജീവനക്കാരാണ്. ഈ ഹൈസ്കൂൾ വിഭാഗം പ്രൈമറി വകുപ്പിൽ ജോലിചെയ്യുന്നവരാണു. അവർക്ക് സ്ഥിരമായ ശമ്പളക്രമമോ, വാർദ്ധക്യകാലസംരക്ഷണമൊ, അവധിയാനുകൂല്യങ്ങളോ ഇല്ല. സർക്കാരിൽനിന്നും ലഭിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്ന ഏട്ട സക്കാർരൂപയല്ലാതെ ഉത്തമരായ മാനേജരന്മാരിൽനിന്നും പോലും പ്രായേണ ലഭിക്കുന്നില്ല. ഇതിൽനിന്നും വേല ചെയ്യുന്ന വ്യക്തിക്ക ഒരു നേരത്തെ സ്റ്റാൻഡാർഡ് റേറിനുള്ള ഭക്ഷണച്ചെലവി നുള്ള സംഖ്യയായ ആറണപോലും ലഭിക്കുന്നില്ല എന്ന കാണാവുന്നതാണല്ലൊ. ഈ സ്ഥിതിയിൽ അവരും. അവരെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബാംഗങ്ങളും എങ്ങനെ ജീവിക്കുമെന്ന സദയം ആലോചിക്കുക.. ഒരു ദിവസം ഒരു രൂപയെങ്കിലും ലഭിക്കത്തക്കവണ്ണം ശമ്പളത്തോതു് ഉയർത്തേണ്ടതു് ആവശ്യമാകുന്നു.

ഈ തോതിലുള്ള ശമ്പളം മാനേജരന്മാരെക്കൊണ്ടു് കൊടുപ്പിക്കുന്നതിനു എന്തെല്ലാം കർക്കശമായ നിയമനങ്ങൾ ഉണ്ടാക്കിയാലും അവകൊണ്ടൊന്നും തെല്ലും ഫലമുണ്ടാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. അതിനാൽ കാലസ്ഥിതിക്കനുസരിച്ചു മാന്യമായ നിലയിൽ ജീവിക്കുന്നതിനു ആവശ്യമായ ശമ്പളം ഗവണ്മെൻറു ഖജനാവിൽനിന്നും അദ്ധ്യാപകന്മാർക്കു നേരിട്ടു ലഭിക്കത്തക്കവണ്ണം വ്യവസ്ഥചെയ്യുകയോ. പ്രൈമറിവിദ്യാലയങ്ങൾ ഗവണ്മെൻറിലേക്കു് ഏറ്റെടുക്കുകയോ വേണ്ടതാകുന്നു. ഈ ഉദ്ദേശപ്രാപ്തിക്കു നിങ്ങളുടെ സകല കഴിവുകളും വിനിയോഗിക്കണമെന്നു ഞങ്ങൾ സാദരം അഭ്യർത്ഥിക്കുന്നു"

I would ask the honourable member who has been very vehemently supporting the managements whether he has got anything to say by way of explanation to the resolution passed by the All-Travancore Teachers' Association.

DEPUTY PRESIDENT: Order, order. The House will now adjourn and meet again at 12 noon tomorrow.

Before dispersing, I have to make an announcement. The elections to various committees will take place in 5 minutes from now. The honourable members who want to participate in the elections will kindly remain in their seats.

The House rose at 6 P. M

Trivandrum,
8th August 1945.

S. VAIDYANATHA AIYAR,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly